# മരിയദൂത്

A Schoenstatt Movement Publication



## നിൻ സങ്കേതം തേടി



ഷേൺസ്റ്റാട്ട് ഫാദേഴ്സ് പ്രൊവിഡൻസ് റീജിയന്റെ പുതിയ സുപ്പീരിയറായി തെരഞ്ഞെടുക്കപ്പെട്ട ഫാ. ജോയി മടത്തുംപിടിയും
കൗൺസിൽ അംഗങ്ങളും സീറോ മലബാർ സഭയുടെ
മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവിനെ സന്ദർശിച്ചപ്പോൾ







ഭാരതത്തിൽനിന്നുള്ള പ്രഥമ ഷേൺസ്റ്റാട്ട് വൈദികനായ ഫാ. റോയി വെണ്ണൂക്കാരന്റെ പൗരോഹിത്യ രജത ജൂബിലി





കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമി അദ്ധ്യയനവർഷാരംഭം





വീരൻചിറ (സെന്റ് ജോസഫ് ചർച്ച്, ഇരിങ്ങാലക്കുട രൂപത) യിൽ നിന്നുള്ള കുടുംബങ്ങൾ മാതാവുമായി സ്നേഹ ഉടമ്പടി നടത്തിയപ്പോൾ

# മരിയദൂത്

**ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക**

**2018 ആഗസ്റ്റ്-സെപ്റ്റംബർ-ഒക്ടോബർ**



രക്ഷാധികാരി

**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ

**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch

Mob: 9400417552

എഡിറ്റർ

**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ

**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്

**റവ. ഡോ. ജോയ് പുതുശ്ശേരി** ISch

**ഫാ. ജിജു കിലുക്കൻ** ISch

**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch

**ഫാ. പ്രവീൺ വാതേലിൽ** ISch





Cover Design

**Schoenstatt Media**

# താളുകളിലൂടെ......


**ലേഖനങ്ങൾ**

മറിയം നമ്മുടെ അമ്മ - **മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ** CMI

ഷേൺസ്റ്റാട്ട് പരിശീലനക്രമത്തിന്റെ സവിശേഷതകൾ - **റവ. ഡോ. ഹെർബർട്ട് കിംഗ്** ISch

കുടുംബങ്ങൾക്ക് തുണയായി - **മിനി റിച്ചാർഡ്**

ലക്ഷ്യത്തിലേക്ക് - **ഫാ. റോയ് വെണ്ണൂക്കാരൻ** ISch

സഭാസ്ഥാപകപിതാവിന്റെ ദൗത്യം ഞങ്ങളുടെ ദൗത്യം - **സി. മരിയ അനറ്റ്**

ഇടയകന്യക - **ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ**

അമ്മ നൽകുന്ന പരിശീലനം - **റവ. ഡോ. ലൂർദ്ദ് സ്റ്റീഫൻ** ISch

ജോസഫ് എംഗ്ലിങ്ങ് - **ബ്ര. ജോ അഗസ്റ്റിൻ** ISch

**കൂടാതെ...**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

**കവിത**

പുൽത്തുടി - **ലിജി മാത്യൂ**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി** ISch

**കഥ**

നിനക്ക് വേദനിച്ചോ?

ബാലദൂത് - **ദോസ്ത്**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി** ISch

വാർത്താ ജാലകം



# എഡിറ്റോറിയൽ

## അമ്മയ്ക്കായി ഒരിടം....

ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിന്റെ ആസ്ഥാനമായ ജർമ്മനിയിലെ ബർഗ് സയേൻ എന്ന മലമുകളിൽ ഭാവിയിലേക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരിക്കണം എന്ന ചർച്ചയിൽ, ആദ്യഘട്ടത്തിലെ നിർമ്മാണം എന്തായിരിക്കണം എന്നൊരു ചോദ്യമുയർന്നു. ഏറ്റവും ആദ്യം ആരംഭിക്കേണ്ടതിനെ കുറിച്ച് വിവിധ അഭിപ്രായങ്ങൾ നിരന്നു. എങ്കിലും അതിൽ തീക്ഷ്ണമായ ഒരു ആഗ്രഹം, ആ മലമുകളിൽ ഏറ്റവും ആദ്യം ഷേൺസ്റ്റാട്ടിന്റെ രാജ്ഞിയായ പരിശുദ്ധ അമ്മയ്ക്കു ഒരു വാസസ്ഥലം ഒരുക്കുക എന്നതായിരുന്നു. പരിശുദ്ധ അമ്മ നമ്മോടൊപ്പം ഉണ്ടെങ്കിൽ മറ്റെല്ലാ കാര്യങ്ങളും മാതാവ് നോക്കിക്കൊള്ളും എന്ന അടിയുറച്ച വിശ്വാസമായിരുന്നു ആ വൈദീക സമൂഹത്തിന് ഉണ്ടായിരുന്നത്.

ഷേൺസ്റ്റാട്ടിന്റെ ആരംഭവും വളർച്ചയുമെല്ലാം പരിശുദ്ധ അമ്മയോടുള്ള ഭക്തിയിലും സ്നേഹ ഉടമ്പടിയിലും അധിഷ്ഠിതമാണ്. വിവിധ രാജ്യങ്ങളിലായി ഇരുനൂറോളം ഷേൺസ്റ്റാട്ട് കപ്പേളകൾ പരിശുദ്ധ അമ്മയോടുള്ള സ്നേഹത്തിന്റെ അടയാളമായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. “പരിശുദ്ധ അമ്മയുടെ ദാസർ ഒരിക്കലും നശിച്ചുപോവുകയില്ല” എന്നാണ് എല്ലാ കപ്പേളകളിലുമുള്ള പരിശുദ്ധ അമ്മയുടെ ചിത്രത്തോട് ചേർത്ത് എഴുതിവച്ചിരിക്കുന്നത്. ദൈവം നമുക്കായി നല്കിയ പരിശുദ്ധ അമ്മയെ നമുക്ക് സ്വീകരിക്കാം. നമ്മുടെ അനുദിന ജീവിതത്തെ സ്നേഹപൂർവ്വം മാതൃകരങ്ങളിൽ സമർപ്പിക്കാം. അമ്മ നമ്മെ നോക്കിക്കൊള്ളും എന്ന വിശ്വാസത്തിൽ ജീവിക്കാം.



**ജോസച്ചൻ.**



“ഈ ചെറിയ കപ്പേള നമുക്ക് വിശുദ്ധിയുടെ ഉറവിടമായി മാറും.”

# മറിയം നമ്മുടെ അമ്മ ✷



മാർ ജോസഫ് പാസ്റ്റർ നീലങ്കാവിൽ CMI

പരിശുദ്ധ കന്യകാമറിയത്തിന്റെ – നമ്മുടെ അമ്മയുടെ-മഹത്വത്തിന്റെ നിദാനം-മൂലകാരണം-അവളുടെ ദൈവമാതൃത്വമാണ്. അവൾ ദൈവത്തിന്റെ അമ്മയാണെന്ന വിശ്വാസം സഭയുടെ ആരംഭകാലത്തുതന്നെ സഭയിൽ നിലനിന്നിരുന്നു. ക്രിസ്തുവിന്റെ ദൈവത്വം സ്ഥിരീകരിക്കപ്പെട്ടതോടെ മറിയത്തിന്റെ ദൈവമാതൃത്വവും വിശ്വാസവിഷയമായി.

എ.ഡി. 325-ൽ കോൺസ്റ്റൻറൈൻ ചക്രവർത്തി വിളിച്ചുകൂട്ടിയ 318 പിതാക്കന്മാരുടെ കൗൺസിൽ നടന്നത് നിഖ്യായിലാണ്. ജൂൺ 16 മുതൽ ആഗസ്റ്റ് 25 വരെ ആയിരുന്നു കൗൺസിൽ. ക്രിസ്തു ദൈവവും മനുഷ്യനുമാണെന്നും മറിയം ദൈവമാതാവാണെന്നും ചർച്ച ചെയ്യപ്പെട്ടു.

431-ൽ നടന്ന എഫേസൂസ്സിലെ സൂനഹദോസിൽ ശക്തമായ രണ്ടഭിപ്രായങ്ങളുണ്ടായിരുന്നു. സുറിയാനി ഭാഷയിൽ *എമ്മേ ദ് ആലാഹാ* (ദൈവത്തിന്റെ അമ്മ), *എമ്മേ ദ് മാറൻ ഈശൊ* (നമ്മുടെ കർത്താവ് ഈശോയുടെ അമ്മ) എന്നും ആയിരുന്നു അഭിപ്രായങ്ങൾ. മിശിഹായിൽ ദൈവത്വവും മനുഷ്യത്വവും ഉൾക്കൊള്ളുന്നുവെന്ന അർത്ഥത്തിൽ *എമ്മേ ദ് ആലാഹാ* എന്നായിരുന്നു കൗൺസിലിന്റെ നിശ്ചയം. ഗ്രീക്കുഭാഷയിൽ *തെയോതോക്കോസ്* (ദൈവത്തെ സംവഹിച്ചവൾ) എന്നും.

ഇന്ന് ഏതാനും സഭകൾ ഈശോയുടെ അമ്മ എന്ന് മാത്രം വിശ്വസിക്കുന്നവരുണ്ടെങ്കിലും പ്രായോഗിക തലത്തിൽ മറിയത്തെ ദൈവമാതാവായി വണങ്ങിപോരുന്നു. അക്കൂട്ടത്തിൽ തൃശ്ശൂരുള്ള സുറായികളും ഉൾപ്പെടുന്നു.

ദൈവമാതൃ പ്രഖ്യാപനത്തെ തുടർന്ന് മറിയത്തിന് ഒന്നൊന്നായി അപദാനങ്ങൾ നൽകാൻ തുടങ്ങി. കന്യക, അമലോത്ഭവ, സ്വർഗ്ഗാരോപിത, തിരുസഭാ മാതാവ് എന്നു തുടങ്ങി, ഇന്ന് വിശ്വാസികൾ മാതാവിന്റെ ലുത്തനീയയിൽ പ്രാർത്ഥിക്കുന്ന സ്തുതിപ്പുകൾ സഭ അവൾക്ക് നൽകിയവയാണ്.

മറിയം കന്യകയാണെന്ന വിശ്വാസം സഭയുടെ വിശ്വാസ പ്രമാണത്തിൽ നിന്ന് വ്യക്തമാണ്. അവളുടെ ജീവിതകാലം മുഴുവൻ അവൾ കന്യകയായിരുന്നു.

അവൾ അമലോത്ഭവയാണ്. പാപം അവളെ സ്പർശിച്ചിട്ടില്ല. ജന്മപാപവും കർമ്മ പാപവും അവളെ തീണ്ടിയിട്ടില്ല. ഈ വിശ്വാസ സത്യം പ്രഖ്യാപിക്കപ്പെട്ടത് 1854-ലാണ്. നിലവിലുള്ള വിശ്വാസപാരമ്പര്യത്തെ കണക്കിലെടുത്തും വിശുദ്ധ ഗ്രന്ഥ പഠനത്തെ അടിസ്ഥാനമാക്കിയുമാണ് പരിശുദ്ധ പിതാവ് IX -ാം പിയൂസ്, Ineffabilis Deus എന്ന തിരുവെഴുത്തു വഴി ഈ സത്യം പ്രഖ്യാപിച്ചത്. Don Scotus എന്ന ഫ്രാൻസിസ്ക്കൻ സന്യാസ വൈദികന്റെ സമർത്ഥനമാണ് ഇതിന് അടിസ്ഥാനമായത്. അദ്ദേഹത്തിന്റെ വാദം മൂന്ന് വാക്കുകളിലായിരുന്നു. Decet , Potest , Fecit അതായത് (1) മറിയം അമലോത്ഭവയായി ജനിക്കുന്നത് തക്കതാണ് (2) അത് സാധ്യമായ കാര്യമാണ് (3) ദൈവം അതു ചെയ്തു.

✷ ദൈവമാതാവായ മറിയത്തെ ലേഖകൻ "അമ്മ" എന്ന് അഭിസംബോധന ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗാരോപിതയാണ്. ഈ സത്യം സഭയുടെ ആരംഭകാലത്തു തന്നെ ക്രൈസ്തവർ വിശ്വസിച്ചുപോന്നതാണെങ്കിലും സഭയുടെ വിശ്വാസസംഹിതയിൽ പെടുത്താൻ തുടങ്ങിയത് 1950 നവംബർ 1-ന് ഭാഗ്യസ്മരണാർഹനായ 12-ാം പിയൂസ് മാർപ്പാപ്പാ അത് വിശ്വാസ സത്യത്തിൽപ്പെടുത്തി പ്രഖ്യാപിച്ചതിനുശേഷമാണ്. Munificentissimus Deus എന്ന തിരുവെഴുത്തിലൂടെയാണ് മാർപ്പാപ്പാ ഈ പ്രഖ്യാപനം നടത്തിയത്.

ഈ പ്രഖ്യാപനത്തിനു ഒരുക്കമായി ലോകമെങ്ങുമുള്ള സഭകളിൽ അവരുടെ ഇതു സംബന്ധിച്ചുള്ള പരമ്പരാഗതമായി നിലനിൽക്കുന്ന വിശ്വാസം റോം ആരായുകയുണ്ടായി. ഇന്ത്യൻ സഭയുടെ ആകമാന പാരമ്പര്യം ഇപ്രകാരമാണ്: പരിശുദ്ധ കന്യകാമറിയം എഫേസൂസ്സിൽ മരണപ്പെടുമ്പോൾ തോമസ് ശ്ലീഹാ ഇന്ത്യയിലായിരുന്നു. എഫേസൂസ്സിൽ തിരിച്ചെത്തിയ വിശുദ്ധൻ അവളുടെ കബറിടം തുറക്കുവാൻ നിർബന്ധിച്ചു. അതനുസരിച്ചു കബറിടം തുറന്നപ്പോൾ അവളുടെ ശരീരം അവിടെ കണ്ടില്ല. മനോഹരമായ ലില്ലിപുഷ്പങ്ങളാണ് കണ്ടത്. ഇതിൽ നിന്നും പരിശുദ്ധ കന്യകാമറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസം ശക്തമായി.

പന്ത്രണ്ടാം പിയൂസ് പാപ്പ തന്റെ തിരുവെഴുത്തിൽ കന്യകാമറിയം മരണമടഞ്ഞോ ഇല്ലയോ എന്ന് വ്യക്തമാക്കാതെ ".......നിത്യകന്യകാമറിയം തന്റെ ഇഹലോക വാസത്തിനുശേഷം ആത്മാവോടും ശരീരത്തോടും കൂടി സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെട്ടു"വെന്ന് മാത്രം പറഞ്ഞിരിക്കുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമാപനത്തിൽ ആറാം പോൾ പാപ്പാ മറിയത്തെ ''തിരുസ്സഭാ മാതാവ്" എന്ന അഭിദാനം നൽകി അലങ്കരിക്കുകയുണ്ടായി.



മറിയം നമ്മുടെയൊക്കെ അമ്മയാകുന്നത് കുരിശിൽ വെച്ചുള്ള ഈശോയുടെ പ്രഖ്യാപനത്തോടെയാണ്. കുരിശിൽ മരണവേദനയനുഭവിക്കുന്ന ഈശോ കുരിശിൻ ചുവട്ടിൽ നിൽക്കുന്ന തന്റെ മാതാവിനേയും സ്വശിഷ്യൻ വി.യോഹന്നാനേയും കണ്ടുകൊണ്ട് പറയുന്നു: "സ്ത്രീയെ ഇതാ നിന്റെ മകൻ; അനന്തരം അവൻ ആ ശിഷ്യനോട് പറഞ്ഞു: ഇതാ നിന്റെ അമ്മ....."

പ്രസിദ്ധനായ ആംഗലേയ സാഹിത്യകാരനാണ് G.K Chesterton. അദ്ദേഹം പ്രൊട്ടസ്റ്റന്റ് സഭാംഗമായിരുന്നു. പിൽക്കാലത്ത് കത്തോലിക്കാസഭാംഗമായി. കത്തോലിക്കാ സഭാംഗമായതിന്റെ കാരണം ചോദിച്ചവരോട് അദ്ദേഹത്തിന്റെ മറുപടി: "ഒരമ്മയെ ലഭിക്കാൻ" എന്നായിരുന്നു.

ബിഷപ്പ് ഫുൾട്ടൻ ജെ ഷീന്റെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ മരിയ ഭക്തിയുടെ മനോഹരമായ ഒരു സംഭവമുണ്ട്.



ഒരു പരസ്യപാപിയുടെ മാനസ്സാന്തരത്തിനായി അദ്ദേഹം പരിശുദ്ധ അമ്മയോട് പ്രാർത്ഥിച്ചു. ഇക്കാര്യസാധ്യത്തിനായി വലിയ പ്രതീക്ഷയോടെ ഉപവസിക്കുകയും മറ്റും ചെയ്തു. തീക്ഷ്ണതയോടെ ഒരു നവനാൾ ആചരിച്ചു. പക്ഷെ ഫലം ഉണ്ടായില്ല...... അദ്ദേഹം തന്റെ മുറിക്കു സമീപം സ്ഥാപിച്ചിരുന്ന മാതാവിന്റെ തിരുസ്വരൂപത്തിന്റെ മുമ്പിൽ ചെന്ന് അമ്മയോട് ശിശുസഹജമായ നിഷ്കളങ്കതയോടെ പറഞ്ഞു: അമ്മേ, ഞാൻ പ്രാർത്ഥിച്ച കാര്യം സാധിച്ചു തരാത്തതിൽ എനിക്കു ദുഃഖമില്ല. പക്ഷെ ഞാനും നീയും തമ്മിൽ സ്നേഹബന്ധത്തിലാണോ എന്ന് എനിക്കറിയണം. ഞാൻ ഉടനെ ലൂർദ്ദിലേക്കു വരികയാണ്. അവിടെ പ്രാർത്ഥനയും ഉപവാസവും മറ്റും കഴിഞ്ഞ് മടങ്ങുമ്പോൾ എനിക്ക് ഒരു റോസാപൂ കിട്ടണം. ഞാൻ ഇതിനായി ഒരേർപ്പാടും ചെയ്യില്ല. നീ തന്നെ അത് ക്രമീകരിക്കണം. നമ്മുടെ സ്നേഹബന്ധത്തിന്റെ സാക്ഷ്യമാണിത്"

അദ്ദേഹം ഉടനെ വിമാന മാർഗ്ഗം ലൂർദ്ദിലെത്തി. തീക്ഷ്ണമായ പ്രാർത്ഥനയും മറ്റുമായി ഒമ്പതു ദിവസങ്ങൾ അവിടെ താമസിച്ചു. മടക്കയാത്രയാണ്.

മാതാവിന്റെ ഗ്രോട്ടോയിൽ പ്രാർത്ഥിച്ചു മടങ്ങുകയാണ്. ഗ്രോട്ടോയിൽ നിന്ന് പുറത്തോട്ടുള്ള ദീർഘമായ നടവഴിയിലൂടെ ഏകാകിയായി നടന്നു നീങ്ങുകയാണ്. ചിന്ത അമ്മയുടെ റോസാപ്പൂ! നാലു പാടും കണ്ണോടിച്ചു നോക്കി... ആരേയും കാണുന്നില്ല. നടക്കുന്ന വേഗത കുറഞ്ഞു... ഹൃദയമിടിപ്പുകൾ ശക്തമായി... ''ഇല്ല അമ്മ എന്നെ കൈവിടില്ല'' പുറത്തേക്കുള്ള പടിവാതിൽ എത്താറായി...എന്നിട്ടും...ഹാ അങ്ങകലെനിന്ന് ഒരു ബാലിക... ഓടിക്കിതച്ചുവരുന്നു... അവളുടെ കയ്യിൽ ഒരു റോസാപ്പൂവുണ്ട്. "അച്ചാ ഇത് അങ്ങേയ്ക്കുള്ളതാണ്" ഫാ. ഷീൻ പൂവ് വാങ്ങി സന്തോഷത്തിന്റെ കണ്ണീരോടെ ഗ്രോട്ടോയിലേക്ക് തിരിച്ചു നടന്ന് മാതാവിന് പൂവ് സമർപ്പിച്ചു പറഞ്ഞു "അമ്മേ എനിക്ക് ഇത്രയും മതി". ●



# ഷേൺസ്റ്റാട്ട് പരിശീലനക്രമത്തിന്റെ സവിശേഷതകൾ

ഡോ. ഹെർബർട്ട് കിംഗ് ISch

**ആമുഖം**

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനും പിതാവുമായ കെന്റ്ണിക് അച്ചൻ തന്റെ ജീവിത അനുഭവത്തിൽ നിന്നും ദർശനങ്ങളിൽ നിന്നും വളർത്തിയെടുത്ത തനതായ ഒരു പരിശീലന ക്രമമുണ്ട്. ഇതിന്റെ ചില സവിശേഷതകളിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയെ തിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

**(1) സ്വതന്ത്രവും ശക്തവുമായത്**

ഓരോ വ്യക്തിയും സ്വതന്ത്രവും ശക്തവുമായ വ്യക്തിത്വം രൂപീകരിക്കുകയെന്നതാണ് ഇതിന്റെ പ്രഥമമായ ലക്ഷ്യം. ഇതിനോട് ബന്ധപ്പെട്ടുക്കിടക്കുന്ന രണ്ട് ലക്ഷ്യങ്ങളാണ്: (1) സ്വന്തം കാലിൽ നിൽക്കുവാനുള്ള പക്വതയും സ്വന്തമായി പ്രവർത്തിക്കുവാനുള്ള കഴിവും (2) സ്വയമായി തീരുമാനം എടുക്കുവാനുള്ള കഴിവും അതിനെ പ്രവൃത്തി പഥത്തിലെത്തിക്കുവാനുള്ള വൈദഗ്ധ്യവും, കെന്റ്ണിക് അച്ചന്റെ വാക്കുകൾ ഉദ്ധരിക്കട്ടെ: "എല്ലാ സാഹചര്യങ്ങളിലും സ്വയം നയിക്കുവാനും സ്വയം സഹായിക്കുവാനും സാധിക്കുന്ന സ്വതന്ത്രവ്യക്തിത്വങ്ങളെ രൂപീകരിക്കുന്നതാണ് ഈ പരിശീലനക്രമത്തിന്റെ പ്രത്യേകത. ഈ കാലഘട്ടത്തിൽ വ്യക്തിത്വം എന്ന പദവും ഒത്തിരിയേറെ പഠനവിധേയമായിട്ടുണ്ട്. നീ നിന്റെ മഹത്വം തിരിച്ചറിയുക! ഇതിന് സഹായിക്കുന്ന പഠനം നടത്തുന്നത് തികച്ചും ഗുണപ്രദമാണ്. കാരണം, ഇത് നമ്മിൽ അടിസ്ഥാനപരമായി നിലകൊള്ളുന്ന ചില ചിന്തകളെ ഒരുപക്ഷെ പൂർണ്ണമായി മാറ്റി മറിക്കാം.

**(2) സ്വയം പരിശീലനം**

കെന്റ്ണിക് അച്ചന്റെ പ്രവർത്തനങ്ങളുടെ ആരംഭത്തിൽ ശക്തമായി നിറഞ്ഞ് നിന്ന ഒരു പരിശീലന പരിപാടിയാണ് സ്വയം പരിശീലനം. കുടുംബത്തിലോ സ്കൂളിലോ സന്യാസസഭകളിലോ പരിശീലിപ്പിക്കുന്നവർ മറ്റുള്ളവരെ പരിശീലിപ്പിക്കൽ മാത്രമാണ് എന്റെ ജോലിയെന്ന് ചിന്തിക്കരുത്. പരിശീലനം എന്നത് ഇരു വിഭാഗത്തേയും ഉൾക്കൊള്ളുന്നതാണ്. പരിശീലിപ്പിക്കപ്പെടുന്നവർക്കും പരിശീലിപ്പിക്കുന്നവർക്കും ഇത് ബാധകമാണ്. പരിശീലകനായിരുന്ന കെന്റ്ണിക് അച്ചൻ താൻ പരിശീലനം നൽകിയ യുവാക്കളോട് പറഞ്ഞത് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "നമ്മൾ പഠിക്കാൻ നിങ്ങൾ മാത്രമല്ല, ഞാനും പഠിക്കണം. നിങ്ങളിൽ നിന്നും ഞാനും എന്നിൽ നിന്ന് നിങ്ങളും പഠിക്കണം. നമ്മൾ നമ്മുടെ ജോലിയിലും പ്രവർത്തനങ്ങളിലും നമ്മുടെ മുഴുജീവിതത്തിലും ആവശ്യമുള്ള സ്വയം പരിശീലനമെന്ന കലയെ നാം ഒരിക്കലും പഠിച്ച് പൂർത്തിയാക്കുന്നില്ല".

**(3) ആചാരങ്ങളോടും അനുഷ്ഠാനങ്ങളോടുമുള്ള മികവാർന്ന സമീപനം**

തികച്ചും ഉപരിപ്ലവമായ ആചാരങ്ങളിൽ അതീവ ശ്രദ്ധകേന്ദ്രീകരിച്ച് മുന്നോട്ട് പോകുന്നതിനേക്കാൾ സ്നേഹത്തിനും ആചാരങ്ങളിൽ കുടികൊള്ളുന്ന ആന്തരീകമായ ചൈതന്യത്തിനും പ്രാധാന്യം നൽകുന്ന ഒരു പരിശീലന ക്രമമാണ് കെന്റ്ണിക് അച്ചൻ മുന്നോട്ട് വയ്ക്കുന്നത്. ഇതേക്കുറിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ ഇപ്രകാരമാണ്. "ഞാൻ ആരംഭം മുതൽ പറയാറുണ്ട്, വികൃതമായ ചില പ്രത്യേക ആചാരങ്ങളിലോ അനുഷ്ഠാനങ്ങളിലോ കുടുങ്ങി കിടക്കുന്ന രീതി സത്യസന്ധമല്ല."അത് യാഥാർത്ഥ്യവുമല്ല. ഇങ്ങനെ അദ്ദേഹം പറയുവാനുള്ള

"അനുദിന വിശുദ്ധൻ, ആഴമായ സ്നേഹത്തെ പ്രതിയാണ്
എല്ലാം വളരെ കൃത്യമായി ചെയ്യുവാൻ പരിശ്രമിക്കുന്നത്."



കാരണം ഇതാണ്, ഒത്തിരി അധികമായി ചില ആചാരങ്ങൾക്കും ചടങ്ങുകൾക്കും അടിമയായിട്ടുള്ളവരിൽ സർവ്വസാധാരണമായി ഉണ്ടാകേണ്ട വ്യക്തിബന്ധങ്ങൾക്ക് പകരമായി ഈ ആചാരഭ്രമത്തിൽ സംതൃപ്തി കണ്ടെത്തും. ഇത് സാവധാനം നമ്മെ ഒരു ആചാര അടിമത്വത്തിലേയ്ക്കു നയിക്കാം. ഇങ്ങനെയുള്ളവരെ സാധാരണവ്യക്തിബന്ധങ്ങളിലേയ്ക്കും സമീപത്തെ ഭൂപ്രദേശത്തോടുള്ള മമതയിലേയ്ക്കും നയിക്കുവാൻ സാധിച്ചാൽ, ആചാരസംബന്ധമായ അടിമത്വത്തിൽ നിന്നും ഇവരെ സാവധാനം പിൻതിരിക്കുവാൻ സാധിക്കും.

**(4)നന്മയെ ലക്ഷ്യംവെച്ചുള്ള സമീപനം**

കുടുംബങ്ങളിലും സ്കൂളുകളിലും പള്ളികളിലും നമ്മെ വില കുറച്ച് കണ്ടിരുന്ന സമീപനങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിന് വിപരീതമായി നമ്മിൽ അടങ്ങിയിരിക്കുന്ന നന്മയെ ലക്ഷ്യമിട്ടുള്ള ഒരു പരിശീലന പരിപാടിയാണ് കെന്റണിക് അച്ചൻ ഉന്നം വയ്ക്കുന്നത്. ഓരോ മനുഷ്യരിലും എത്രമാത്രം നന്മയുടെ സമ്പന്നത ഉണ്ടെന്ന് മനസ്സിലാകുമ്പോൾ ആ രീതിയിൽ നാം അവരെ വിലമതിക്കുവാൻ തുടങ്ങും.



ഒരു വ്യക്തിയെ ചിലത് പഠിപ്പിക്കണം, ശരിപ്പെടുത്തണം, പരിശീലിപ്പിക്കണം എന്നതിനേക്കാൾ, അദ്ദേഹത്തിൽ പ്രകൃത്യാ വളർന്ന് വരുകയും തനതായി ഉയർന്ന് വരികയും സ്വയം പ്രവൃത്തിപഥത്തിൽ കൊണ്ട് വരുന്നതുമായ നന്മയെ പ്രോത്സാഹിപ്പിക്കുന്നതായിരുന്നു കെന്റണിക് അച്ചന്റെ പരിശീലന പരിപാടി. ഒരു വ്യക്തിയെ കാണുമ്പോൾ തന്നെ അവന്റെ കുറവുകൾ തിരുത്തണം എന്നതിനേക്കാൾ അവനിലെ നന്മയുടെ ഉറവിടങ്ങളെ കാണുവാൻ ഈ പരിശീലന പരിപാടി നമ്മെ പ്രേരിപ്പിക്കുന്നു.

**(5) ആദർശത്തിൽ അധിഷ്ഠിതമായ പരിശീലനം**

ഷേൺസ്റ്റാട്ട് പരിശീലനക്രമത്തിൽ ഇതിന് സവിശേഷമായ ഒരു സ്ഥാനമുണ്ട്. ഓരോ വ്യക്തിയും തന്നിൽ അന്തർലീനമായിരിക്കുന്ന ജീവിതാദർശം എന്താണ് എന്ന് കണ്ടെത്താൻ ശ്രമിച്ച് അതിലൂടെ തന്റെ ജീവിതത്തിൽ നിന്ന് ഏറ്റവും നല്ലത് പുറത്ത്കൊണ്ട് വരുവാൻ ശ്രമിക്കണം. ഓരോ വ്യക്തിയുടെയും ആത്മാവിൽ ആലേഖനം ചെയ്തിരിക്കുന്ന ജീവിതാദർശമെന്തെന്ന് മനസ്സിലാക്കുവാനും അതിനെ കണ്ടെത്തുവാനും അതുവഴി പിന്നീടുള്ള അവന്റെ ജീവിതത്തെ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്നതുമാണ് പരിശീലനം.

തെറ്റായ ജീവിത ആദർശമാണ് നാം കണ്ടെത്തുന്നതെങ്കിൽ അത് നമ്മെ അപകടത്തിലേയ്ക്കു നയിക്കാം. അതുപോലെ തെറ്റായ കാര്യത്തിനാണ് നാം നമ്മെത്തന്നെ സ്വയം പരിശീലനത്തിന് വിധേയമാക്കുന്നതെങ്കിലും അത് വിനാശകരമായ പ്രത്യാഘാതങ്ങളുണ്ടാക്കാം. അതുകൊണ്ട് ആദർശം രൂപീകരിക്കുമ്പോൾ അത് നമ്മുടെ ആന്തരികതയിൽ ദൈവം നൽകിയതാണെന്ന് ഉറപ്പ് വരുത്തണം.

**(6) ആത്മാവിനെ കണ്ടെത്തുക**

നാം നമ്മുടെ ആത്മാവിനെ കണ്ടെത്തുകയും അതിനെ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യണം. മനസ്സും ഹൃദയവും നമ്മുടെ പ്രകൃതിയും അടങ്ങിയ ആന്തരീകതയെയാണ് നാം ഇവിടെ ആത്മാവ് എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. നമ്മുടെ ഹൃദയത്തെയും വ്യക്തിത്വത്തെയും പരിശീലിപ്പിക്കുന്നതിനാണ് നാം

"ദൈവത്തിനു ഒരാത്മാവിനെ ഉപയോഗപ്പെടുത്തണമെന്നുണ്ടെങ്കിൽ അവിടുന്ന് അതിനെ ആദ്യം മനുഷ്യന്റെ കണ്ണിൽ ഉപയോഗമില്ലാതാക്കിമാറ്റുന്നു."



ഇവിടെ ഊന്നൽ നൽകുന്നത്. ആത്മാവിന്റെ അഗാധതയിൽ പൂർണ്ണമായും ദഹിക്കാത്തതായി അടിഞ്ഞ് കൂടിയിരിക്കുന്ന ചിന്താഗതികൾക്കനുസരണമായി ഹൃദയം തുടിക്കുമെന്നും അല്ലെങ്കിൽ നാം മുൻപ് നിരന്തരമായി നിലകൊണ്ടവയ്ക്കുവേണ്ടി പിന്നീട് ജീവിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുമെന്നും കെന്റണിക് അച്ചന് വളരെ മുൻപ് മുതൽ അറിയാമായിരുന്നു. അതുകൊണ്ട് നമ്മുടെ പരിശീലന പരിപാടിയിൽ നമ്മുടെ ആത്മാവിന്റെ സ്വരം കേൾക്കുകയെന്നത്, അത് കേൾക്കാൻ സഹായിക്കുകയെന്നത് പരമ പ്രധാനമായ ഉത്തരവാദിത്വമാണ്. ആ സ്വരത്തെ പൂർണ്ണമായും കേൾക്കുക, അതിന്റെ അർത്ഥാന്തരങ്ങൾ ശ്രവിക്കുക. അതിന് സാകൂതം കാതോർക്കുകയെന്നത് തികച്ചും പ്രാധാന്യമർഹിക്കുന്നതാണ്.



ആത്മാവിന്റെ ആവശ്യകതകൾ മുൻപത്തേതിനേക്കാൾ വ്യത്യസ്ഥമാണിപ്പോൾ എന്ന് കെന്റണിക് അച്ചൻ സൂചിപ്പിച്ചിരുന്നു. അന്നുണ്ടായിരുന്ന കത്തോലിക്കാ സഭയുടെ അജപാലനരീതിയെ കെന്റണിക് അച്ചൻ ചെറിയതോതിൽ വിമർശനാത്മകമായി കണ്ടിരുന്നു. സഭയുടെ അജപാലന രൂപീകരണപരിപാടികൾ ഏത് തരം വ്യക്തികളെ ലക്ഷ്യം വച്ചാണോ രൂപീകരിച്ചിരുന്നത്, ആ വ്യക്തികൾ ഇപ്പോൾ നിലനിൽക്കുന്നില്ല. അങ്ങനെയുള്ളവർ ഒരു കാലഘട്ടത്തിൽ ജീവിച്ചിരുന്നു. മുൻപ് ജീവിച്ചിരുന്ന തലമുറയെ മനസ്സിൽ കണ്ടുകൊണ്ട് ഇന്നത്തെ പരിശീലന പരിപാടികൾ നടത്തപ്പെടുന്നുവെന്ന് അദ്ദേഹം പറഞ്ഞു വെച്ചിട്ടുണ്ട്.

**(7) സ്നേഹത്തിൽ അധിഷ്ഠിതമായ പരിശീലന പരിപാടി**

കെന്റണിക് അച്ചൻ തന്റെ പരിശീലന ക്രമത്തെ തികച്ചും സ്നേഹത്തിൽ ഊന്നിയ പരിശീലനമായാണ് കാണുന്നത്. സ്വയം സ്നേഹം, സഹോദര സ്നേഹം, ദൈവസ്നേഹം എന്നീ മൂന്ന് കാര്യങ്ങളോട് ബന്ധപ്പെട്ടാണല്ലോ എല്ലാം നിലകൊള്ളുന്നത്. സ്നേഹം എന്നതുകൊണ്ട് പ്രവർത്തനനിരതമായ (effective) സ്നേഹത്തേക്കാൾ വൈകാരികമായ (affective) സ്നേഹത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. വൈകാരികമായ സ്നേഹത്തെയാണ് കെന്റണിക് അച്ചൻ മനുഷ്യന്റെ മൂലശക്തിയും അടിസ്ഥാന പ്രേരകശക്തിയായും കണക്കാക്കുന്നത്. എന്ന് പറഞ്ഞാൽ, സ്നേഹിക്കുവാൻ പഠിക്കുക, സ്നേഹം സ്വീകരിക്കുവാൻ പഠിക്കുക, സ്നേഹം കൊണ്ട് പ്രത്യുത്തരിക്കുവാൻ ശ്രമിക്കുക. ഒരിക്കലും തങ്ങളുടെ സ്നേഹത്തിൽ നിന്നും പരിശീലിക്കുന്നവരെ അകറ്റാത്ത "സ്നേഹിതർ" ആണ് കെന്റണിക് അച്ചന്റെ ഭാഷയിൽ പരിശീലകർ. പരിശീലനം എന്നത് ആത്മബന്ധത്തിലൂടെയേ സാധ്യമാകൂ. ഹൃദയം കൊണ്ട് കാണുന്നവനാകണം ഒരു പരിശീലകൻ.

**(8) ആത്മസ്വാതന്ത്ര്യം**

പരിശീലനത്തിൽ ആത്മസ്വാതന്ത്ര്യം എന്നത് വളരെ ആഴമായ അർത്ഥം പേറുന്നതാണ്. ദൈവിക മക്കളുടെ സ്വാതന്ത്ര്യമാണ് ഇവിടെ ലക്ഷ്യം വയ്ക്കുന്നത്. നമ്മുടെ ഉപബോധമനസ്സിൽ അടിഞ്ഞ് കൂടികിടക്കുന്നവയിൽ നിന്ന് മനസ്സിനെ സ്വതന്ത്രമാക്കണം. ഇതിനോട് ബന്ധപ്പെട്ടാണ് കെന്റണിക് അച്ചൻ ആത്മീയ ശൈശവത്തെക്കുറിച്ച് സംസാരിക്കുന്നത്. "നാം വീണ്ടും ശിശുക്കളാകണം" എന്ന് കെന്റണിക് അച്ചൻ പല പ്രാവശ്യം എന്നോട് പറഞ്ഞിട്ടുണ്ട്. നമ്മുടെ ആന്തരീകതയിൽ ഒരു ശിശു ഉറങ്ങികിടക്കുന്നുണ്ടെന്ന് ഇന്നത്തെ മനശാസ്ത്രവും സമ്മതിക്കുന്നുണ്ട്. മനുഷ്യജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിലെ പ്രതീക്ഷകളും അഭിവാഞ്ഛകളും ജീവിതാവസാനം വരെ നിലനിൽക്കുന്നുണ്ട്. സ്വീകരിക്കപ്പെടാത്ത, വിലമതിക്കാത്ത, മുറിവേറ്റ ശൈശവകാലത്തെ ഓർമ്മകൾ നമ്മെ പിൻതുടരുന്നുണ്ട്. അതുകൊണ്ട് തന്നെ സ്വീകരിക്കപ്പെ

ടാനും മനസ്സിലാക്കപ്പെടുവാനുമുള്ള അതീവ ആഗ്രഹം നാം ഇടക്കിടെ പ്രകടിപ്പിക്കുക പതിവാണ്. അധികാരികൾക്കെതിരെയും ചിലപ്പോഴൊക്കെ ദൈവത്തോടുള്ള ബന്ധത്തിലും പ്രായപൂർത്തിയായവരുടെ അപക്വമായ പെരുമാറ്റങ്ങൾ ചെറുപ്പത്തിൽ ഏറ്റ ആന്തരിക മുറിവുകളുടെ പ്രതിഫലനമാണ്. പരിശീലിപ്പിക്കപ്പെടുന്ന വ്യക്തികൾക്ക് തങ്ങളുടെ ചെറുപ്രായം മുതൽ അവർ അനുഭവിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും തുറന്ന് പറയാവുന്ന ഒരു പിതാവിന്റേയോ മാതാവിന്റേയോ സ്ഥാനം ഓരോ പരിശീലകനും അലങ്കരിക്കണം എന്നതാണ് കെന്റണക് അച്ചൻ പ്രതീക്ഷിക്കുന്നത്. ഇപ്രകാരം ശൈശവദശമുതലുള്ള അനുഭവങ്ങൾ പങ്കുവെയ്ക്കുവാൻ ഒരു വ്യക്തി ആവശ്യമായിരുന്നതുകൊണ്ട് കെന്റണിക് അച്ചൻ തന്നെ പല വ്യക്തികൾക്കും പിതൃസാന്നിധ്യമായി മാറുകയും ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിലേയ്ക്ക് അവരെ നയിക്കുകയും ചെയ്തിട്ടുണ്ട്.

**(9) ആത്മീയ പരിശീലന പരിപാടി**

കെന്റണിക് അച്ചന്റെ പരിശീലന പരിപാടി ആത്മീയതയിൽ ഊന്നിയതാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആത്മീയ ശക്തി മറ്റുള്ളവർക്ക് മാർഗ്ഗനിർദ്ദേശം നൽകാൻ ഉപയുക്തമാണെന്ന് അദ്ദേഹം ആഴത്തിൽ മനസ്സിലാക്കിയിരുന്നു. പക്ഷെ മതദർശനങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നത് അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അതിനേക്കാൾ ഉപരി അധികാരികളിൽ നിന്നോ ആത്മീയ മേഖലകളിൽ നിന്നോ ഒരു വ്യക്തിയിൽ ഭീതി ഉൾപ്രവേശിച്ചിട്ടുണ്ടെങ്കിൽ, അതിൽ നിന്ന് അദ്ദേഹത്തെ വിമോചിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

**(10) മാതാവിൽ കേന്ദ്രീകൃതമായത്**

കെന്റണിക് അച്ചന്റെ ഉടമ്പടിയിൽ ഊന്നിയ പരിശീലന പരിപാടി പരി. അമ്മയിൽ കേന്ദ്രീകൃതമാണ്. പരി. അമ്മയുമായുള്ള ബന്ധം ലൗകികവും സ്വർഗ്ഗീയവുമായ മൂല്യങ്ങൾ സ്വായത്തമാക്കുവാൻ ഉപകരിക്കുമെന്ന് കെന്റണിക് അച്ചൻ പഠിപ്പിച്ചിരുന്നു.

**ഉപസംഹാരം**

ആത്മവിശ്വാസത്തിൽ അധിഷ്ഠിതവും ലക്ഷ്യോന്മുഖവുമായ പരിശീലന പരിപാടികൾ (Confidence and Movement Pedagogy) മനുഷ്യന് മാർഗ്ഗനിർദ്ദേശം നൽകുന്ന നക്ഷത്രങ്ങളാണ്. കെന്റണിക് അച്ചന്റെ വാക്കുകൾ ശ്രദ്ധിക്കാം: നമ്മുടെ ജീവിതത്തിൽ വലിയതിരമാലകൾ ആഞ്ഞടിച്ചാലും ജീവിത നിയന്ത്രണം നഷ്ടപ്പെടാതെ നമ്മെ നയിക്കുന്നത് ആത്മവിശ്വാസമാണ്. ഇത് മനുഷ്യന്റെ നന്മയിലുള്ള ഒരു വിശ്വാസം മാത്രമല്ല, ദൈവം നമ്മെ കരുതലോടും കരുണയോടും നയിക്കുന്നതിലുള്ള വിശ്വാസമാണ്. അവിടുന്ന് എല്ലാം നിയന്ത്രിക്കുന്നുണ്ടെങ്കിലും അവിടുന്ന് എപ്പോഴും പിറകിൽ നിലകൊള്ളുന്നു; ആവശ്യമാണെങ്കിൽ മാത്രം അവിടുന്ന് ഇടപെടുന്നു.

ലക്ഷ്യോന്മുഖമായ പരിശീലന പരിപാടിയെന്നത് നമ്മെ വ്യക്തമായ ലക്ഷ്യത്തിലേയ്ക്കു നയിക്കുന്നതാണ്. ഈ പരിശീലന പരിപാടികൾ ജീവിതത്തിൽ പ്രാവർത്തികമാക്കി കൊണ്ട് സ്വതന്ത്രവും ഉറച്ചതുമായ ക്രിസ്തീയ വ്യക്തിത്വം രൂപീകരിക്കുവാൻ ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ. ■

**Dr. Herbert King:** Former Professor of Dogmatics at the Catholic University of La Plata, Argentina, then Lecturer at the International Joseph Kentenich College in Muenster, Germany. Today his main task is the study of father Kentenich's teaching and writing. Has published many books on Schoenstatt's Spirituality, some of which have been translated into English and Spanish.

**ജർമ്മൻ ഭാഷയിൽ നിന്നുള്ള ലേഖനത്തിന്റെ പരിഭാഷ തയ്യാറാക്കിയത്:**
**ഫാ. ഷാജൻ മാണിക്യത്താൻ ISch**

"ദൈവമേ ഞാൻ ദുർബലനും നിസ്സാരനുമായതിനാൽ എന്നെ കരുണയുടെ അത്ഭുതമാക്കിമാറ്റണമേ."





# കുടുംബങ്ങൾക്ക് തുണയായി...

മിനി റിച്ചാർഡ്

ഒരു കുടുംബവുമായി ബന്ധമില്ലാത്തവരായി ആരുണ്ട് ഈ ഭൂവിൽ? കുട്ടികളും യുവജനങ്ങളും മാതാപിതാക്കന്മാരും ഉൾപ്പെടെ ആബാലവൃദ്ധ ജനങ്ങളെല്ലാം കുടുംബം എന്ന ബന്ധത്തിന്റെ കണ്ണികളിലാണ് നിലകൊള്ളുന്നത്. വിവാഹിതരും അവിവാഹിതരും എന്നു വേണ്ട ഈ ഭൂമിയിൽ തങ്ങളുടെ ജനനം വഴിയായിത്തന്നെ ഓരോ കുടുംബവുമായി ബന്ധപ്പെട്ടതാണ് നമ്മുടെ നിലനിൽപ്പിന്റെ ചരിത്രം. ഇത്രയും നാൾ ജീവിച്ചതും ഇപ്പോൾ ജീവിച്ചുകൊണ്ടിരിക്കുന്നതുമെല്ലാം കുടുംബത്തിനുവേണ്ടിയുമാണ്. കുടുംബം എന്ന ഘടകം അത്രമേൽ ദൃഢമാണ് നമ്മുടെ ജീവിതത്തിൽ എന്ന് ഉറപ്പിച്ചു പറയാൻ തന്നെയാണ് ഇങ്ങനെയെല്ലാം ചിന്തിക്കുന്നതിന്റെ കാരണം. അതുകൊണ്ടു തന്നെ ഏതൊരുവനും എല്ലായിപ്പോഴും ആഗ്രഹിക്കുന്നത് ഒരു കുടുംബത്തിന്റെ തണൽ തന്റെ ജീവിതത്തിൽ ഉണ്ടാകണമെന്നതുതന്നെയാണ്.



എല്ലാ കുടുംബങ്ങൾക്കും തുണയായി നിൽക്കുന്ന തിരുക്കുടുംബത്തിന്റെ സാന്നിദ്ധ്യമാണ് കുറ്റൂരിലുള്ള ഷേൺസ്റ്റാട്ട് കപ്പേളയിലേയ്ക്ക് എന്ന ആകർഷിച്ചതിന്റെ ഒരു കാരണം. ഏതാനും വർഷങ്ങൾക്കു മുൻപ് ഷേൺസ്റ്റാട്ടിനെക്കുറിച്ചും അതിന്റെ ആദ്ധ്യാത്മിക ജീവിതരീതിയുടെ മുഖമുദ്രയായ കപ്പേളയെക്കുറിച്ചും കേൾക്കാൻ ഇടയായി. ഷേൺസ്റ്റാട്ട് കപ്പേളയിൽ നിന്നും ലഭിക്കുന്ന ഒരു വിശേഷ അനുഗ്രഹമായി കരുതുന്നത് സ്വഗ്രഹാനുഭവം- സ്വന്തം വീട്ടിൽ ആയിരിക്കുന്നതുപോലെയുള്ള അനുഭവമാണ്.

ഇതിനകം തന്നെ വീടുകൾ പലത് മാറി താമസിക്കേണ്ടി വന്ന എന്റെ കുടുംബത്തിന് കപ്പേളയിലെ തിരുക്കുടുംബ സാന്നിദ്ധ്യം വലിയ ഒരു ആശ്വാസമായി തോന്നി. നമ്മുടെ ഈ ഭൂമിയിലെ ചെറിയ ജീവിതത്തിൽ എല്ലാവർക്കും തന്നെ സ്വന്തം വീടുവിട്ട് മാറിതാമസിക്കേണ്ടി വന്നിട്ടുണ്ട്. ജോലിക്ക് വേണ്ടിയോ പഠനത്തിന് വേണ്ടിയോ വിവാഹം കഴിച്ചതുവഴിയെല്ലാം സ്വന്തം വീടുകൾ പല പ്രാവശ്യം മാറേണ്ടതായിവന്നിട്ടുണ്ടാകാം. ഇത്തരം സാഹചര്യങ്ങളിലെല്ലാം, കപ്പേള ഒരു വീടനുഭവമാകുന്നു എന്നത് വലിയ ഒരു അനു

ഗ്രഹം തന്നെ. തിരുക്കുടുംബത്തിലെ യൗസേപ്പിനും മറിയത്തിനും സ്വന്തം ഭവനം വിട്ട് മറ്റൊരിടത്ത് താമസിക്കേണ്ടതായി വന്നിട്ടുണ്ട്. ഗർഭിണിയായ പരിശുദ്ധ അമ്മയെയും കൂട്ടി യൗസേപ്പിതാവിന് ബത്‌ലഹേമിലേയ്ക്ക് യാത്രചെയ്യേണ്ടിവന്നു; കാലിക്കൂട് വീടാക്കി മാറ്റേണ്ടി വന്നു. തിരുസുതന്റെ ജനനശേഷം ആ പിഞ്ചു പൈതലിനെയും ചേർത്ത് പിടിച്ച് തിരുക്കുടുംബത്തിന് ഈജിപ്തിലേയ്ക്കു പലായനം നടത്തേണ്ടി വന്നു. സ്വജീവിതത്തിൽ ദൈവഹിതം നിറവേറ്റാൻ ക്ലേശങ്ങളിലൂടെ നടന്നു നീങ്ങിയ തിരുക്കുടുംബത്തിന് നമ്മുടെയും കുടുംബങ്ങൾക്ക് തുണയും തണലുമാകാൻ കഴിയും എന്നതിന് സംശയമില്ല. നമ്മുടെ നിസ്സഹായതകളിലും ബലഹീനതകളിലുമെല്ലാം നമുക്ക് ആശ്രയിക്കാവുന്ന ഒരു ഇടമാണ് കപ്പേളയിലെ തിരുക്കുടുംബ സാന്നിധ്യം.



ഒരുവന് അവന്റെ വീട് നല്കുന്നത് പരിപൂർണ്ണ വ്യക്തി സ്വാതന്ത്ര്യവും സുരക്ഷിതത്വവുമാണ്. വീടിന്റെ ഭിത്തികളുടെ കെട്ടുറപ്പിനേക്കാൾ തന്നെ സ്നേഹിക്കുന്നവരുടെയും തനിക്കായി കാത്തിരിക്കുന്നവരുടെയും ശക്തമായ കരുതലിന്റെ ഇടമാണത്. ഇതുപോലെ വ്യക്തിപരമായി തന്നെ അറിയുന്ന പരിശുദ്ധ അമ്മയുടെ ഇടമാണ് ഓരോ ഷേൺസ്റ്റാട്ട് കപ്പേളയും. വിവിധ രാജ്യങ്ങളിലായി നിലകൊള്ളുന്ന ഇരുനൂറോളം ഷേൺസ്റ്റാട്ട് കപ്പേളകളും അതിന്റെ ആകൃതിയിലും വലിപ്പത്തിലുമെല്ലാം ഒരുപോലെയാണ് എന്നതും ഏറെ ആകർഷകം തന്നെയാണ്. ഒരു ചെറിയ വീടിന്റെ ആകൃതിയാണ് കപ്പേളയ്ക്കും. കുടുംബങ്ങളിലെ സ്നേഹബന്ധങ്ങൾക്ക് കൂടുതൽ ബലമേകുവാൻ കപ്പേളയുടെ ചെറിയ രൂപങ്ങൾ (Home Shrine) വീടുകളിലും മുറികളിലും പ്രതിഷ്ഠിച്ച് കപ്പേളയുടെ സാന്നിധ്യം അനുഭവിക്കുന്നു. കപ്പേളയെ കൂടുതൽ അറിയുകയും പരിചയപ്പെടുകയും ചെയ്യുന്നവർക്ക് ഈ ആദ്ധ്യാത്മികതയുടെ അത്യാകർഷകമായ മറ്റൊരു കാര്യം വ്യക്തമാകും- കപ്പേള ഒരു ബാഹ്യമായ രൂപത്തിൽ ഒതുങ്ങേണ്ടതല്ല, മറിച്ച് ഈ ആത്മീയ ചൈതന്യം ഹൃദയത്തിലേയ്ക്ക് സ്വീകരിക്കപ്പെടേണ്ടതാണ് (Heart Shrine) എന്ന്. ഷേൺസ്റ്റാട്ട് കപ്പേളയുടെ ഈ ആത്മീയ അരൂപി ഹൃദയത്തിൽ വഹിക്കുന്നവർക്ക് എന്നും എവിടെയും സ്ഥലകാലഭേദമന്യേ സ്വഭവനത്തിലാണ് ജീവിക്കുന്നത് എന്ന ആന്തരീക സ്വാതന്ത്ര്യത്തിലേയ്ക്ക് വളരുവാനും സാധിക്കുന്നു. ■

"വിശ്വസ്തതയോടെ ഒരുമയിൽ വസിക്കുക, സ്നേഹം എല്ലാറ്റിനെയും കീഴടക്കും എന്ന് ഓർമ്മിക്കുക."



അഭിമുഖം

# ലക്ഷ്യത്തിലേക്ക്



**ഇന്ത്യയിലെ പ്രഥമ ഷേൺസ്റ്റാട്ട് വൈദികനായ റോയി വെണ്ണൂക്കാരൻ അച്ചന്റെ പൗരോഹിത്യ രജത ജൂബിലിയോടനുബന്ധിച്ച് ഫാ. ബിബിൻ പറമ്പി (ISch) നടത്തിയ അഭിമുഖത്തിൽ നിന്നും.**

☞ എന്താണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മിക പ്രസ്ഥാനത്തെ വ്യത്യസ്തമാക്കുന്നത്?

❖ ഏതെങ്കിലും ഒരു തത്ത്വശാസ്ത്രമോ വിശ്വാസ സത്യമോ അടിച്ചേല്പ്പിക്കുന്ന ഒരു രീതിയല്ല ഷേൺസ്റ്റാട്ടിന്റേത്. സ്വതന്ത്രമായി ചിന്തിക്കാനും മനുഷ്യന്റെ വ്യക്തിത്വത്തെ ബഹുമാനിക്കാനും സമൂഹത്തിൽ എല്ലാവർക്കും അവരുടേതായ മാന്യത ഉണ്ട് എന്നും ഷേൺസ്റ്റാട്ട് നമ്മെ പഠിപ്പിക്കുന്നു. സ്വയം ബോദ്ധ്യങ്ങളിലേയ്ക്ക് എത്തിച്ചേരാൻ സഹായം മാത്രം നല്കുന്ന ഒരു രീതിയാണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയ്ക്കുള്ളത്. മനുഷ്യബന്ധങ്ങൾക്ക് വളരെയേറെ പ്രാധാന്യം കൊടുക്കുന്നു എന്നതും ഈ ആത്മീയ രീതിയെ വ്യത്യസ്തമാക്കുന്നു. മാതാവുമായുള്ള സ്നേഹ ഉടമ്പടിയാണ് എല്ലാ ബന്ധങ്ങളുടെയും കേന്ദ്രബിന്ദു. അതിലൂടെ ബന്ധങ്ങളുടെ ഒരു ശൃംഖലതന്നെ സൃഷ്ടിച്ചെടുക്കാനുള്ള ഒരു അന്തരീക്ഷമാണ് ഷേൺസ്റ്റാട്ട് നല്കുന്നത്. ലോകത്തിൽ എവിടെ പോയാലും നമുക്ക് ഷേൺസ്റ്റാട്ടുകാരെ കാണാൻ കഴിയും. കണ്ടുമുട്ടുമ്പോൾ പരസ്പര ബഹുമാനം കാണിക്കുകയും നമ്മൾ എല്ലാവരും ഒന്നാണ് എന്ന

**ഫാ. റോയി വെണ്ണൂക്കാരൻ ISch**

സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ഇടുങ്ങിയ ചിന്താഗതിയിൽ നിന്നും ഒരു ആഗോള കാഴ്ചപാടിലേയ്ക്ക് നയിക്കുന്ന ഘടകമാണിത്. പലപ്പോഴും നാം ചിന്തിക്കുന്നത് എന്റെ സഭ, എന്റെ രൂപത, എന്റെ സ്ഥാപനം, എന്റെ അപ്പസ്തോലിക പ്രവർത്തനം എന്നിങ്ങനെയാണ്. എന്റെ... എന്റെ ... എന്നുള്ളത് ഒരു സങ്കുചിത മനോഭാവമാണ്. എന്റെ കാര്യങ്ങളിൽ മറ്റുള്ളവരെയും പങ്കെടുപ്പിക്കാനും മറ്റുള്ളവരുടെ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ ഞാനും പങ്കുചേരുകയും ചെയ്യുന്നു എന്നതാണ് ഷേൺസ്റ്റാട്ടിന്റെ വിശാലമായ ചിന്താഗതി. ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയുടെ ഈ വിശാല മനോഭാവത്തെ ഞാൻ ഏറെ വിലമതിക്കുന്നു.

☞ ഷേൺസ്റ്റാട്ട് സ്ഥാപക പിതാവായ കെന്റണിക്ക് അച്ചനെക്കുറിച്ചുള്ള റോയിയച്ചന്റെ മനസ്സിലെ ചിത്രം എന്താണ്?

❖ നാം സാധാരണയായി പറയാറുണ്ട് ദൈവം തൊട്ട മനുഷ്യൻ എന്ന്. എന്നാൽ കെന്റണിക്കച്ചനെക്കുറിച്ച് പറയുമ്പോൾ ദൈവത്തെ തൊട്ട മനുഷ്യൻ എന്ന് പറയുന്നതായിരിക്കും കൂടുതൽ അനുയോജ്യം. ആഴത്തിലുള്ള ആദ്ധ്യാത്മികതയിൽ നിന്നുള്ള പ്രവർത്തനങ്ങളായിരുന്നു കെന്റണിക്കച്ചന്റേത്. ഭൗതികമായ ഏതെങ്കിലും പ്രസ്ഥാനങ്ങൾ ഉണ്ടാക്കാനോ വലിയ കെട്ടിടങ്ങൾ കെട്ടിപ്പടുക്കാനോ അല്ല അദ്ദേഹം

ശ്രമിച്ചത്. ദൈവത്തെ തൊട്ടറിഞ്ഞ് ദൈവത്തിന്റെ മനസ്സറിഞ്ഞ് അത് ചെയ്യുവാൻ പൂർണ്ണമായും ജീവിതം പണയം വച്ച മനുഷ്യനാണ് കെന്റണിക്കച്ചൻ. ദൈവം ആഗ്രഹിക്കുന്നത് എന്തെന്ന് മനസ്സിലാക്കിയാൽ, പിന്നെ എന്തെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായാലും അവയെ എല്ലാം അതിജീവിച്ച് ദൈവം നല്കിയ ദൗത്യത്തിനുവേണ്ടി എന്ത് ത്യാഗവും ഏറ്റെടുക്കുന്ന ജീവിതമായിരുന്നു കെന്റണിക് അച്ചനുണ്ടായിരുന്നത്.

മനുഷ്യരെ ബഹുമാനിക്കാനും അവന്റെ മഹത്വം ഉയർത്തിക്കൊണ്ടുവരാനും പഠിപ്പിച്ച വ്യക്തിയാണ് കെന്റണിക്കച്ചൻ. താഴെകിടക്കുന്നവരെ ഉയർത്തിക്കൊണ്ടു വരുന്നവനായിരുന്നു ക്രിസ്തു. ആ രീതിയാണ് കെന്റണിക്ക് അച്ചനും ഉണ്ടായിരുന്നത്. ആരെയും അവഗണിക്കാതെ പിടിച്ചുയർത്താനും, തന്റെ ഒപ്പമെങ്കിലും അവനെ വളർത്തിക്കൊണ്ടുവരുവാനും അനുവദിക്കുന്ന ഒരു രീതിയായിരുന്നു അച്ചനുണ്ടായിരുന്നത്. ഈ ഒരു ഗുണമാണ് എനിക്ക് വ്യക്തിപരമായി കെന്റണിക്ക് അച്ചനോട് ആദരവും ബഹുമാനവുമെല്ലാം തോന്നാൻ കാരണം. മാനുഷികമായി പലകുറവുകൾ അദ്ദേഹത്തിനുണ്ടാകാമായിരിക്കാം; പക്ഷേ ദൈവഹിതം നിറവേറ്റാൻ പരിപൂർണ്ണമായി ജീവിതം വിട്ടുകൊടുക്കുന്ന വ്യക്തിത്വമായിരുന്നു.



സ്വന്തം കഴിവിലോ പ്രസ്ഥാനത്തിലോ ഒന്നും അച്ചൻ ആശ്രയം വച്ചില്ല. മറിച്ച് ദൈവം നയിക്കുന്ന വഴിയിലൂടെ അക്ഷരം പ്രതി നീങ്ങാനുള്ള കഴിവുണ്ടായിരുന്നു. പതിനാലു വർഷത്തോളം പ്രസ്ഥാനത്തിൽ നിന്നും മാറി നില്ക്കേണ്ടി വന്നപ്പോഴും കെന്റണിക്കച്ചൻ ചിന്തിച്ചത്, പ്രസ്ഥാനം തന്റേതല്ല, അത് ദൈവീക പദ്ധതിയാണ്. തന്റെ അഭാവത്തിലും അതിനെ ദൈവം നയിക്കും. ദൈവപരിപാലനയിലുള്ള വലിയ വിശ്വാസത്തിന്റെ അടയാളവുമായിരുന്നു അച്ചന്റെ ഈ നിലപാട്. താൻ തിരിച്ചറിഞ്ഞ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിന് മറ്റുള്ളവരെ ബലിയാടായി നല്കുകയല്ല ചെയ്തത്, സ്വന്തം ജീവൻ അപകടത്തിലാക്കി കൊണ്ടുള്ള സമർപ്പണമായിരുന്നു അച്ചന്റെ ജീവിതം. നാസിഭരണകൂടത്തിന്റെ മൃഗീയ കൊലക്കളമായിരുന്നു ജർമ്മനിയിലെ കോൺസെൻട്രേഷൻ ക്യാമ്പുകൾ. അവിടെയ്ക്ക് പോകാതെ ഒഴിഞ്ഞുമാറുവാനുള്ള സാധ്യത ഉണ്ടായിട്ടുപോലും ഡാഹൗ കോൺസെൻട്രേഷൻ ക്യാമ്പിലേയ്ക്കു പോകുവാനുള്ള അച്ചന്റെ തീരുമാനം, ദൈവീക പദ്ധതികളോടുള്ള അദ്ദേഹത്തിന്റെ ശക്തമായ വിശ്വാ

സത്തെ സൂചിപ്പിക്കുന്നതാണ്. ഷേൺസ്റ്റാട്ട് പ്രസ്ഥാനം ദൈവം ആഗ്രഹിക്കുന്നതാണെങ്കിൽ അതിനെ ദൈവം വളർത്തട്ടെ എന്ന മനോഭാവമായിരുന്നു അച്ചൻ പുലർത്തിയത്. ഇതുവഴി നാം മനസ്സിലാക്കുന്നത് അദ്ദേഹം ദൈവത്തോട് ഒപ്പം നിന്നു, ദൈവവും കെന്റണിക്കച്ചനോടൊപ്പം നിന്നു എന്നതാണ്.

ഒരിക്കൽ ഒരു വൈദികൻ കെന്റണിക്കച്ചനോട് ചോദിച്ചു അച്ചൻ ദൈവത്തെക്കുറിച്ചും ദൈവപരിപാലനയെക്കുറിച്ചുമെല്ലാം ധാരാളം പ്രസംഗങ്ങളും ധ്യാനങ്ങളും നല്കാറുണ്ടല്ലോ, എന്നാൽ ഈ ദൈവാനുഭവം അച്ചന്റെ ജീവിതത്തിൽ എത്രമാത്രം യാഥാർത്ഥ്യമാണ് എന്ന്. ഈ ഒരു ചോദ്യത്തിന് യാതൊരു ആലോചനയും കൂടാതെ അവരുടെ മേശയിൽ തട്ടികൊണ്ട് അച്ചൻ മറുപടി പറഞ്ഞു; "ഈ മേശ നിങ്ങൾ കാണുന്നു, നിങ്ങൾ തൊട്ട് അറിയുന്നു. ഇത് മരം കൊണ്ട് ഉണ്ടാക്കിയതാണ് എന്നും ഈ മേശ ഒരു യാഥാർത്ഥ്യമാണ് എന്നും നിങ്ങൾ അറിയുന്നു. അങ്ങനെയെങ്കിൽ ഈ കാണുന്ന മേശയെന്ന യാഥാർത്ഥ്യത്തെക്കാൾ കൂടുതൽ ഉറപ്പുള്ളതാണ് ദൈവം എന്ന യാഥാർത്ഥ്യം."

☞ ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികത നമ്മുടെ സമൂഹത്തിനും സംസ്ക്കാരത്തിനും നല്കുന്ന സംഭാവനകൾ എന്തെല്ലാമാണ്?

❖ ഭാരത സഭതന്നെ ഒരു ആദ്ധ്യാത്മിക മണ്ണിൽ വളർന്നതാണ്. ഭാരതീയ സംസ്ക്കാരത്തിന്റെ ആരംഭവും വളർച്ചയുമെല്ലാം ആത്മീയതയിൽ അധിഷ്ഠിതമാണ്. അതിനാൽ, പുറമേ കാണുന്ന ഭൗതികമായ വസ്തുതയെക്കാൾ ഉപരിയായി ഒരു ആത്മീയ മുന്നേറ്റം നല്കുവാൻ ഷേൺസ്റ്റാട്ടിന് സാധിക്കും നമ്മുടെ നാട്ടിലുള്ള ജനങ്ങളെയും ഇവിടെയുള്ള വിവിധ സംസ്ക്കാരങ്ങളെയുമെല്ലാം ബഹുമാനിക്കാനും അവ തമ്മിലുള്ള പരസ്പര ബന്ധം നഷ്ടമാകാതെ, അവയെ വളർത്തിക്കൊണ്ടുവരുവാനുമെല്ലാം ഷേൺസ്റ്റാട്ടിന് സാധിക്കും. കുടുംബത്തിലുള്ള പരസ്പര ബന്ധങ്ങൾ, സുഹൃത്തുക്കൾ തമ്മിലുള്ള ബന്ധങ്ങൾ, ദാമ്പത്യ ബന്ധം തുടങ്ങിയ എല്ലാബന്ധങ്ങളിലൂടെയുമാണ് മനുഷ്യൻ ദൈവവുമായി അടുക്കുന്നത്. മനുഷ്യൻ തന്നെ സ്വയം വളരുന്നതും ഇത്തരത്തിലുള്ള പരസ്പര ബന്ധങ്ങളിലൂടെയാണ്. ഇപ്രകാരം മനുഷ്യരുടെ ഇടയിൽ ആത്മീകതയുടെ വിത്തുകൾ പാകാനും ബന്ധങ്ങളുടെ ഔന്നിത്യം ഉയർത്തി കാണിക്കാനും ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയ്ക്കു സാധിക്കും.

☞ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചുള്ള റോയി അച്ചന്റെ അഭിപ്രായം എന്താണ്?

❖ ജർമ്മനിയിലെ ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ വിവിധ പ്രവർത്തനങ്ങളെ വലിയ തീക്ഷ്ണതയോടെ നയിച്ചുകൊണ്ടിരുന്ന നമ്മുടെ സമൂഹത്തിലെ തന്നെ ഒരു അംഗമായിരുന്നു ഫാ. ബെല്ലർ. അദ്ദേഹത്തിന്റെ കൂടെ ഏതാനും മാസങ്ങൾ ഞാൻ ജോലിചെയ്തു. ഷേൺസ്റ്റാട്ട് അപ്പസ്തോലിക പ്രവർത്തനങ്ങളെ മനസ്സിലാക്കാനും അതിൽ ഒരു പരിശീലനം കിട്ടുന്നതിനും വേണ്ടിയായിരുന്നു ഞാൻ അദ്ദേഹത്തോടൊപ്പം ചേർന്നത്. അതിനുശേഷം ഞാൻ ആദ്യമായി ഇന്ത്യയിലെക്ക് തിരിച്ചുവരുവാൻ ഒരുങ്ങുമ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു, ഷേൺസ്റ്റാട്ടിനുവേണ്ടി ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ വൈദികനായ എനിക്ക് ഇന്ത്യയിൽ

എങ്ങനെ ഇത്തരം പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കണമെന്ന് അറിയില്ല. അപ്പോൾ അദ്ദേഹം എനിക്ക് തന്ന ഒരു ഉപദേശം ഓർക്കുന്നു: "ഏറ്റവും നല്ലത് ഒരു പദ്ധതിയും മനസ്സിൽ കാണാതെ സ്വദേശത്തേയ്ക്ക് മടങ്ങുക: പരിശുദ്ധ അമ്മ നമുക്കുവേണ്ടി എല്ലാ കാര്യങ്ങളും തയ്യാറാക്കും'' ഇത് ഷേൺസ്റ്റാട്ടിന്റെ ഒരു ആത്മീയ കാഴ്ച്ചപാടാണ്. ദൈവം തുറന്നു തരുന്ന വാതിലുകൾ കാണാൻ ഇത് സഹായിക്കും. ഞാൻ എന്റേതായ ഒരു പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ദൈവ നിശ്ചയത്തെ കാണാൻ സാധിക്കാതെ വന്നേക്കാം.

ഷേൺസ്റ്റാട്ടിന്റെ ഭാവി പദ്ധതികൾ എന്തു തന്നെ ആയാലും അവയെല്ലാം നമ്മെ ഏവരേയും ദൈവത്തിലേയ്ക്കു നയിക്കുവാൻ ഉതകുന്ന മാർഗ്ഗങ്ങൾ മാത്രമായിരിക്കണം. പലപ്പോഴും സംഭവിക്കുന്ന അപകടം, മാർഗ്ഗം തന്നെ ലക്ഷ്യമായി മാറുന്നതാണ്. അതിനാൽ എന്ത് തുടങ്ങുമ്പോഴും എന്തിനുവേണ്ടി എന്ന ചോദ്യം മറക്കാതിരിക്കുക. ഒരു ലക്ഷ്യം മുന്നിൽ കണ്ട് ആരംഭിച്ച സ്ഥാപനം പിന്നീട് സ്ഥാപനത്തിന്റെ വളർച്ചയാണ് ലക്ഷ്യം എന്ന് തെറ്റിദ്ധരിക്കുന്നു. ലക്ഷ്യങ്ങൾ എപ്പോഴും ദൃശ്യമായികൊള്ളണമെന്നില്ല. ചിലപ്പോൾ അവ മണ്ണിൽ പാകിയ വിത്തുകൾ പോലെയാണ്. വർഷങ്ങൾക്ക് ശേഷമാവാം അവയുടെ വിളവെടുപ്പ്. ഫലം തരുന്നത് ദൈവമാണ്. ഫലപ്രാപ്തി ഉടൻ വേണമെന്ന് തിടുക്കം കാണിക്കാതിരിക്കുക. വിശാലമായി വിത്തുവിതയ്ക്കാനുള്ള വിശ്വാസത്തിന്റെ ആഴമുണ്ടാവുക എന്നതാണ് മുഖ്യം. മനുഷ്യർക്ക് ജീവിക്കുവാനുള്ള ശക്തിപകർന്നുകൊടുക്കുകയാണ് പ്രധാനം.

☞ 25 വർഷത്തെ പൗരോഹിത്യജീവിതത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്താണ് പറയാനുള്ളത് ?

❖ പൗരോഹിത്യ ജീവിതത്തിൽ ഞാൻ പൂർണ്ണ സംതൃപ്തനാണ്. വലിയ കാര്യങ്ങൽ ഒന്നും തന്നെ ഞാൻ ചെയ്തിട്ടില്ല. ദൈവം എന്നെ ഉപയോഗിച്ചുകൊണ്ട് മറ്റു വ്യക്തികളെ വളർത്തുന്നതുകാണുമ്പോൾ എനിക്ക് കൂടുതൽ സന്തോഷം തോന്നിയിട്ടുണ്ട്. ദുഃഖത്തിൽ കൂടെ നില്ക്കാൻ ആരുമില്ല എന്ന തോന്നലാണ് ഏറ്റവും വലിയ ദുഃഖം എന്നാണ് ഞാൻ വിചാരിക്കുന്നത്. തമ്പുരാൻ കർത്താവുപോലും ഒറ്റപ്പെട്ടപ്പോൾ ചോരവിയർത്തു. ദൈവം പോലും തന്നെ ഉപേക്ഷിച്ചോ എന്ന തോന്നലുണ്ടായി. ജീവിതത്തിൽ സങ്കടമനുഭവിച്ച കുറേ പേർക്ക് കൂടെ നില്ക്കാൻ ഞാനുണ്ട് എന്ന് പ്രതീക്ഷ കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടുപോയവർക്ക് കൂട്ടായി നിൽക്കുവാനും സത്യസന്ധമായ കുറെ വ്യക്തിബന്ധങ്ങളെ വളർത്തിയെടുക്കാനും കഴിഞ്ഞു എന്നതിൽ ഞാൻ സന്തോഷിക്കുന്നു.

☞ എന്താണ് അച്ചന് നല്കുവാനുള്ള ജൂബിലി സന്ദേശം?

❖ ദൈവം നല്കുന്ന ഏറ്റവും വലിയ സന്ദേശം മനുഷ്യനാണ്. ഓരോരുത്തരുടെയും ജീവിതം ഏതെങ്കിലുമൊക്കെ തരത്തിൽ മറ്റുള്ളവർക്കുള്ള ഒരു സന്ദേശമാണ്. എല്ലാവരുടെയും ജീവിതം അങ്ങനെയാണ്. സുവിശേഷം വായിക്കുന്നതിനേക്കാൾ കൂടുതൽ മനുഷ്യൻ വായിക്കുന്നത് മനുഷ്യരെയാണ്. മനുഷ്യരാണ് ദൈവത്തിന്റെ സന്ദേശം. ആ രീതിയിൽ എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് ഒരു സന്ദേശം കിട്ടിയെങ്കിൽ ഞാൻ സന്തോഷിക്കുന്നു. മറ്റുള്ളവരുടെ ജീവിതവും ഒരു സന്ദേശമാണ് എന്ന ഒരു വിശ്വാസം നമുക്ക് വളർത്തിയെടുക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു. ●

"ഞാൻ ദൈവപിതാവിന്റെ സ്വന്തമാണ് എന്ന് അറിയുന്നതാണ് ഏറ്റവും വിലമതിക്കപ്പെടുന്ന നിധി."



# സഭാ സ്ഥാപകപിതാവിന്റെ ദൗത്യം ഞങ്ങളുടെ ദൗത്യം

**സി. മരിയ അനറ്റ്**
ഷേൺസ്റ്റാട്ട് മരിയൻ സിസ്റ്റേഴ്സ്

ഷേൺസ്റ്റാട്ട് സഭാ സ്ഥാപകനായ ഫാ.ജോസഫ് കെന്റണിക്ക് 1926 ഒക്ടോബർ 1-ാം തിയ്യതി മരിയൻ സിസ്റ്റേഴ്സിന് രൂപം നൽകി. സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടായി ഞങ്ങളുടെ സമൂഹം 1978-ൽ പൊന്തിഫിക്കൽ പദവിയോടുകൂടി ഉയർത്തപ്പെട്ടു. 2500-ൽ അധികം അംഗങ്ങളുള്ള ഞങ്ങൾ 30 രാജ്യങ്ങളിലായി സേവനം ചെയ്യുന്നു.

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ "ആത്മാവ്" ആയി സേവനം ചെയ്യുക. ഷേൺസ്റ്റാട്ട് പ്രസ്ഥാനങ്ങളുടെ "ആത്മാവ്" ആയിരിക്കുക. ഇതാണ് സഭാസ്ഥാപകനായ കെന്റണിക്കച്ചൻ ഞങ്ങളിൽ നിന്നാഗ്രഹിക്കുന്നത്. ആത്മാവായി ശുശ്രൂഷ ചെയ്യുവാനുതകുന്ന ജീവിത വിശുദ്ധിയും ആഴമേറിയ ദൈവസ്നേഹവും, ക്രിസ്തു സ്നേഹവും, പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടിയുടെ ശക്തിയിൽ, അമ്മയുടെ ദൗത്യത്തിനായി അമ്മക്ക് സ്വയം സമർപ്പിച്ച് പെൺകുട്ടികളുടേയും, സ്ത്രീകളുടേയും വ്യക്തിത്വരൂപീകരണവും, കുടുംബങ്ങളുടെ നവീകരണവും, ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ സഭാ സ്ഥാപകനായ കെന്റണിക്കച്ചൻ ഞങ്ങളെ തെരഞ്ഞെടുത്തു.

നവീന ലോകത്തിലെ കുടുംബങ്ങളുടെ തകർച്ച മുൻക്കൂട്ടി കണ്ട കെന്റണിക്കച്ചൻ, ഒരു സ്ത്രീ നന്നായാൽ, കുടുംബം നന്നാകും കുടുംബം നന്നായാൽ സമൂഹം നന്നാകും, സമൂഹം നന്നായാൽ രാഷ്ട്രം നന്നാകും എന്ന തത്വത്തെ മാനിച്ചുകൊണ്ട്, പെൺകുട്ടികളേയും സ്ത്രീകളേയും ദൈവമാതൃചൈതന്യത്താൽ രൂപപ്പെടുത്തി ക്രിസ്തുവിനെ ലോകത്തിനു നൽകുക, ഇവർക്ക് വേണ്ടത്ര പരിശീലനവും പ്രചോദനവും നൽകി ലോകത്തിലും തിരുസഭയിലും അവരുടെ യഥാർത്ഥ പങ്കാളിത്തവും, സ്ഥാനവും കണ്ടെത്തുവാൻ സഹായിക്കുക, കർമ്മനിരതരാകുവാൻ സാധ്യതകൾ ലഭ്യമാക്കുക, അവരുടെ കുടുംബത്തിൽ അവരുടെ സേവനത്തിന്റെ മഹത്വവും ആദ്ധ്യാത്മികതയും തിരിച്ചറിയുവാൻ സഹായിക്കുക, ദമ്പതികൾക്ക് അവരുടെ നിസ്സഹായ അവസ്ഥകളിൽ ആശ്രയം നൽകുക ഇവയെല്ലാമാണ് ഞങ്ങളുടെ പ്രധാനകർത്തവ്യങ്ങൾ.



"ഞാൻ ജീവിക്കുന്നത് സ്നേഹിക്കാൻ വേണ്ടി മാത്രമാണ്."



രണ്ടാം ലോക മഹായുദ്ധ കാലത്ത് ബെർലിൻ ഭരണകൂടം കെന്റണിക്കച്ചനെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചു. 1942–ൽ പട്ടിണിയും, ക്രൂരതയും മരണവും നടമാടി കൊണ്ടിരുന്ന ഡാഹാവിലെ തടങ്കൽ പാളയത്തിൽ വെച്ചാണ് "ഷേൺസ്റ്റാട്ട് മരിയൻ ബ്രദേഴ്സ്", "ഷേൺസ്റ്റാട്ട് കുടുംബ പ്രസ്ഥാനം" എന്നീ രണ്ടു സമൂഹങ്ങൾ സ്ഥാപിച്ചത്. അതിൽ നിന്ന് മനസ്സിലാക്കാം, തടങ്കൽ ജീവിതം വ്യക്തികളേയും ആ വ്യക്തികളുടെ ജീവിത പശ്ചാത്തലവും കുടുംബവും പഠിക്കുവാനും തന്റെ ദൗത്യം അന്താരാഷ്ട്ര തലത്തിൽ വികസിപ്പിക്കാനും ആ കർമ്മനിരതൻ അശ്രാന്തം പ്രയത്നിച്ചു. വ്യക്തിരൂപീകരണം പ്രാധാന്യമേറിയതാണെന്നും, അതിൽ കുടുംബത്തിനുള്ള പങ്ക് ഒഴിച്ച് കൂട്ടാൻസാധിക്കാത്തതാണെന്നും ആ കർമ്മയോഗി തിരിച്ചറിഞ്ഞു.



മരിയൻ സിസ്റ്റേഴ്സിനെ അഭിസംബോധന ചെയ്തു കൊണ്ട് അദ്ദേഹം പറഞ്ഞു: ‘‘നിങ്ങൾ ഈ ലോകത്തിന് ഞാൻ നൽകുന്ന വാഗ്ദാനമാണ്"

കുടുംബ ജീവിതങ്ങൾ ധന്യത നഷ്ടപ്പെട്ട് തകർച്ചയിലേക്ക് നിപതിക്കുന്ന ഈ കാലഘട്ടത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണയിലും പരിപാലനയിലും കുടുംബ സാദൃശ്യ സമൂഹമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങൾക്ക് കെന്റണിക്കച്ചൻ "കുടുംബാരൂപി സംരക്ഷണം" ദൗത്യമായി നൽകി.

കുടുംബത്തിൽ മാതാപിതാക്കളുടെ സ്ഥാനവും മക്കളുടെ സ്ഥാനവും ശരിയായി വിവേചിച്ചറിയുവാനും നഷ്ടപ്പെട്ട് പോയ പിതൃസ്ഥാനം പുനഃസ്ഥാപിക്കാനും തിരുകുടുംബത്തെ മാതൃകയായി സ്വീകരിക്കാനും കെന്റണിക്കച്ചൻ ആഹ്വാനം ചെയ്തു.

ഇടവകയിൽ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ സജീവമായി പങ്കെടുക്കുന്നു. ഇടവകയോടു ചേർന്നു നിന്ന് രോഗികളേയും, പാവങ്ങളേയും, മാനസീകാസ്വസ്ഥത അനുഭവിക്കുന്നവരേയും ശുശ്രൂഷിക്കുകയും അവർക്ക് അഭയം നൽകുകയും ചെയ്യുന്നു. മാതാവിനെ കൂട്ടുപിടിച്ച് ക്രിസ്തീയ വിശ്വാസത്തിന് സാക്ഷ്യം നൽകുവാൻ ഞങ്ങൾ പരിശ്രമിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ച് വളർന്ന് വരുന്ന തലമുറയെ ഉറച്ചതും സ്വതന്ത്രവും ആയ മരിയൻ വ്യക്തിത്വങ്ങളായി രൂപപ്പെടുത്തുവാൻ പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടിയുടെ ശക്തിയാൽ ഞങ്ങൾ ശ്രദ്ധിക്കുന്നു. ഇത്തരം വ്യക്തിത്വങ്ങൾക്കു മാത്രമെ ഈ ആധുനിക ലോകത്തിലെ വെല്ലുവിളികളെ തരണം ചെയ്ത് ജീവിക്കാനാവു.

പരിശുദ്ധ അമ്മയുടെ നിറഞ്ഞു നിൽക്കുന്ന സാന്നിദ്ധ്യം അനുഭവിച്ചറിയുന്ന മക്കൾക്ക് ഈ ഷേൺസ്റ്റാട്ട് കപ്പേള സ്നേഹ ഉടമ്പടിയുടെ വിശുദ്ധ ഇടം മാത്രമല്ല. അവരുടെ ജീവിതത്തിന്റെ ശക്തി സ്രോതസ്സും പരിശുദ്ധ അമ്മ തന്റെ കൈയിലെ ഉപകരണങ്ങളായ മക്കളെ വാർത്തെടുക്കുന്ന പഠനക്കളരിയുമാണ്. അതിനാൽ ഞങ്ങളുമായി ബന്ധപ്പെടുന്നവരേയും ഞങ്ങളുടെ സഹായം തേടിവരുന്നവരേയും



"ജീവിക്കുന്ന വിശ്വാസത്തിനു മാത്രമേ ലോകത്തെ കീഴടക്കുവാൻ സാധിക്കൂ".

ഞങ്ങൾ ഷേൺസ്റ്റാട്ട് കപ്പേളയിലേക്ക്– പരിശുദ്ധ അമ്മയുടെ– ഞങ്ങളുടെ ഗുരുനാഥയുടെ സന്നിധിയിലേക്ക് നയിക്കുന്നു.

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും ശാഖകൾക്ക് പരിശീലനവും സഹായവും പ്രചോദനവും നൽകുക ഞങ്ങളുടെ പ്രധാന കർത്തവ്യത്തിൽപ്പെട്ടതാണ്. ഡൈനാമിക് പ്രൊവിൻസ് ഈ കർത്തവ്യ നിർവ്വഹണത്തിനായി മുഴുവൻ സമയവും അക്ഷീണം പ്രവർത്തിക്കുന്നു.

നിത്യാരാധന മുഖ്യപ്രേഷിതപ്രവർത്തനമായി കണ്ടുകൊണ്ട് മറ്റൊരു വിഭാഗം ധ്യാനാത്മകജീവിതം നയിക്കുന്നു. പ്രാർത്ഥനയും പരിത്യാഗവും പ്രായശ്ചിത്തവും വഴി ഞങ്ങളുടെ അപ്പസ്തോലിക പ്രവർത്തനങ്ങളെ സഫലമാക്കുന്ന "സ്നേഹത്തിന്റെ ശക്തി"യായി ഈ സമൂഹം നിലകൊള്ളുന്നു.

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ അപ്പസ്തോലിക പ്രവർത്തനങ്ങളുടെ ഒരു ഭാഗമാണ് തീർത്ഥാടക മാതാവിന്റെ ജപമാലയജ്ഞം. 1950–ൽ ബ്രസീലിലെ സാന്തമരിയ എന്ന സ്ഥലത്ത് തുടങ്ങിയ ഈ ആദ്ധ്യാത്മിക പ്രസ്ഥാനം കേരളത്തിൽ 1998–ൽ ആരംഭിച്ചു.

ഭവനങ്ങൾ തോറുമുള്ള മാതാവിന്റെ തീർത്ഥാടനം വഴി കുടുംബങ്ങളിലും വ്യക്തികളിലും മാതൃഭക്തിയും ക്രൈസ്തവവിശ്വാസവും വർദ്ധിപ്പിക്കുവാൻ സാധിക്കുന്നു. ഷേൺസ്റ്റാട്ട് കപ്പേളയിൽ നിന്നും ലഭിക്കുന്ന ത്രിവിധദാനങ്ങൾ ഈ തീർത്ഥാടനം വഴി വ്യക്തികൾക്കും കുടുംബങ്ങൾക്കും ലഭ്യമാകുന്നു.

1. അമ്മ തന്റെ ഹൃദയത്തിൽ നമുക്കൊരു ആലയം സജ്ജമാക്കുന്നു.

2. വ്യക്തികളിൽ ആന്തരിക പരിവർത്തനം വരുത്തുന്നു.

3. നമ്മെ ക്രിസ്തുവിന്റെ തീക്ഷ്ണതയുള്ള പ്രേക്ഷിതരാക്കി മാറ്റുകയും ചെയ്യുന്നു.

മാതാവിനോടുള്ള ഭക്തിയും വണക്കവും വഴി ഓരോ വ്യക്തിയും ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ആദ്ധ്യാത്മികതയുടെ കേന്ദ്രമായ സ്നേഹഉടമ്പടിയിൽ വളരുവാൻ തുടങ്ങുന്നു. കുടുംബാംഗങ്ങളുടെ കൂട്ടായ പ്രാർത്ഥന കുടുംബത്തിൽ ഐക്യവും ദൈവഭക്തിയും സമാധാനവും വളർത്തുന്നു. മാതാവ് കുടുംബത്തിലും കുടുംബങ്ങൾ തമ്മിലും അനുരഞ്ജനം സാധ്യമാക്കുന്നു.

1984–ൽ ഈ സമൂഹം ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചു. കേരളത്തിൽ പാലക്കാട്, ഇരിങ്ങാലക്കുട, മാനന്തവാടി, കൊല്ലം, തിരുവനന്തപുരം എന്നീ രൂപതകളിലും കർണ്ണാടകയിൽ ബാംഗ്ലൂരിലും തമിഴ്നാട്ടിൽ സേലം രൂപതയിലും, ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലേക്കും ഞങ്ങളുടെ സമൂഹം വ്യാപിച്ചു സേവനം ചെയ്യുന്നു.



ഞങ്ങളുടെ സഭാസ്ഥാപകന്റെ തിരുസഭയോടുള്ള വാഗ്ദാനം നിറവേറ്റാൻ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥസഹായത്തിലും ദൈവപരിപാലനയിലും വിശ്വസിച്ച് സധൈര്യം എല്ലാ വെല്ലുവിളികളേയും നേരിടാൻ ഞങ്ങൾ തയ്യാറായി മുന്നേറുന്നു.

"നിസ്വാർത്ഥസ്നേഹത്തിലൂടെയാണ് ഷേൺസ്റ്റാട്ട് വളർന്നത്.
ഭാവിയിൽ അത് അങ്ങനെതന്നെ തുടരുകയും വേണം."



# ഇടയകന്യക



ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ

*വീഴുന്നവരെ പിടിച്ചെഴുന്നേൽപ്പിക്കുന്നവൾ മാത്രമല്ല; എങ്ങനെ വീഴാതിരിക്കാമെന്ന് പഠിപ്പിക്കുന്നവളുമാണ് പരിശുദ്ധ അമ്മ.*

ഒരേ കല്ലിൽ രണ്ടു തവണ തട്ടിവീഴുന്നത് നാണക്കേടാണെന്ന് കുറിച്ചത് സിസറോയാണ്. നമ്മൾ രണ്ടല്ല പലതവണ തട്ടിവീണിട്ടും ഒന്നും അറിയാതെ എഴുന്നേൽക്കുന്നു.... പിന്നെയും തട്ടിവീഴുന്നു. ജീവിതം ഉത്സവമാക്കാൻ കഠിനമായി പരിശ്രമിക്കുന്ന നമുക്കെന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ഒരു തിരുത്തിയെഴുത്ത് നമുക്ക് നൽകുന്നത് ബോധജ്ഞാനത്തിന്റെ സിംഹാസനമായ അമ്മ മറിയമാണ്.



അറിവ് – മറിയത്തിന് ഒരു ആലോചനയായിരുന്നു. തട്ടിവീഴാതിരിക്കാൻ അവൾ ആലോചിച്ചിരുന്നു. അതുകൊണ്ടുതന്നെ ജീവിതം വച്ചു നീട്ടുന്ന മുഴുത്ത പാറക്കല്ലുകൾക്കു മുമ്പിൽ അവൾ തട്ടി വീണില്ല. അവളുടെ കൂടെ നിന്നവരെ വീഴ്ത്തിയതുമില്ല. തട്ടി വീഴാനുള്ള സാഹചര്യങ്ങൾ എല്ലാവരേക്കാളുമധികം അവളുടെ മുമ്പിൽ തന്നെയുണ്ടായിരുന്നു. മകനെ കാണാതെ അലയുന്ന അമ്മയെ ധ്യാനിച്ചാൽ അമ്മയുടെ ജീവിത ദർശനം നമ്മൾ കണ്ടെത്തും. മകനെ കാണാത്തതിൽ അതിരറ്റ് സങ്കടപ്പെടാനോ ജീവിതത്തിന്റെ മറ്റുവഴികൾ തിരയാനോ അവൾ തയ്യാറായില്ല. ആലോചനയോടെ മൂന്നുനാൾ മകനെ അന്വേഷിച്ചു; ആ ആലോചനയോടുള്ള അന്വേഷണം അവൾക്ക് തന്റെ മകനെ തിരിച്ചു നൽകി.

എല്ലാം ആലോചിച്ച് തീരുമാനിച്ചവളാണ് അമ്മ. ഒരു തീരുമാനം സ്വീകരിക്കുന്നതിനു മുമ്പ് ഒന്നല്ല പലതവണ ആലോചിച്ചവളാണവൾ. അതുകൊണ്ടുതന്നെ അവളുടെ ഒരു തീരുമാനവും പിഴച്ചില്ല. മകനായ ക്രിസ്തുവിനെ സ്വീകരിച്ചതും; പരസ്യജീവിതത്തിനായി ഇറങ്ങി പുറപ്പെടുന്ന തന്റെ പൊന്നോമലിനെ വാക്കുകൊണ്ടുപോലും തടയാതിരുന്നതും കാൽവരിക്കുരിശിന്റെ ചുവട്ടിൽ നിന്നതുമെല്ലാം ആലോചിച്ച് അവളെടുത്ത തീരുമാനങ്ങളിൽ ചിലതായിരുന്നു.

നിന്റെ ജീവിതം നിന്റെ തീരുമാനങ്ങൾക്കു വേണ്ടി കാത്തിരിക്കുന്നുണ്ട്. തീരുമാനം ശരിയാകണമെങ്കിൽ അല്പംകൂടി ആലോചിക്കണമെന്ന പക്ഷം അമ്മയ്ക്കുണ്ട്. നമ്മുടെ പല തീരുമാനങ്ങളും തെറ്റായിപ്പോയതിന് കാരണം

ആലോചിക്കാത്തതുകൊണ്ട് മാത്രമല്ലേ! സെമിനാരിയിൽ ഞങ്ങളോടൊത്തു പഠിച്ച പലരും അനാവശ്യ കാരണങ്ങൾ പറഞ്ഞ് സെമിനാരി ജീവിതം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് മടങ്ങി. ഈ മടങ്ങിയവർ പലരും പിന്നീട് കണ്ടുമുട്ടിയപ്പോൾ ഖേദപൂർവ്വം പറഞ്ഞ ഒരു കാര്യമിതാണ് : "ഒരല്പം ആലോചിച്ച് തീരുമാനം എടുക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു." പാളിയ തീരുമാനങ്ങൾക്ക് പിന്നിലെല്ലാം ആലോചനയുടെ അഭാവമായിരുന്നു.

ശ്രീബുദ്ധൻ കൊള്ളക്കാരനായ അംഗുലീമാലനെ രക്ഷയുടെ പാതയിലേയ്ക്കു കൊണ്ടുവന്നത് ആലോചനാശീലം അവനിൽ നിക്ഷേപിച്ചുകൊണ്ടാണ്. ബുദ്ധൻ കാട്ടിലൂടെ നടക്കുകയായിരുന്നു. കൊള്ളക്കാരനായ അംഗുലീമാലൻ ബുദ്ധന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തെ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തി.

ബുദ്ധൻ : " എന്റെ അവസാനത്തെ ആഗ്രഹം നിറവേറ്റണം".

"എന്താണ് നിന്റെ അവസാനത്തെ ആഗ്രഹം ?"

ബുദ്ധൻ : "അതാ, അവിടെയുള്ള മരത്തിന്റെ കൊമ്പ് മുറിക്കൂ".

വാൾ വീശി ഒറ്റ വെട്ടിന് അംഗുലീമാലൻ ആ കൊമ്പ് മുറിച്ചിട്ടു. "ഇനിയെന്താണ് ?"

ബുദ്ധൻ : " അത് തിരിച്ചു പഴയതുപോലെ മരത്തോട് ചേർത്തു പിടിപ്പിക്കുക"

കൊള്ളക്കാരൻ ചിരിച്ചുകൊണ്ടു ചോദിച്ചു : "നിങ്ങൾക്കു ഭ്രാന്തുണ്ടോ? ആർക്കെങ്കിലും മുറിച്ചു വീഴ്ത്തിയ കൊമ്പ് വീണ്ടും പഴയതുപോലെ മരത്തോട് ചേർത്ത് വെയ്ക്കാൻ കഴിയുമോ ?

ബുദ്ധൻ : "നിങ്ങൾക്കാണ് ഭ്രാന്ത്. ശക്തനായതുകൊണ്ട് എല്ലാറ്റിനേയും മുറിവേൽപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യാമെന്ന് നിങ്ങൾ കരുതുന്നു. അത് നിസ്സാരന്മാരുടെ പ്രവർത്തിയാണ്. ശക്തൻ മനസ്സിലാക്കേണ്ടത് എങ്ങനെ സൃഷ്ടിക്കുകയും സുഖപ്പെടുത്തുകയും ചെയ്യാമെന്നാണ്."

വിശുദ്ധരുടെ ജീവിതം ആലോചനയുടെ ജീവിതമായിരുന്നു. തീരുമാനങ്ങൾ പെട്ടെന്ന് കൈക്കൊള്ളുന്നത് മഠയന്മാരായ നമ്മളാണ്. വിശുദ്ധരിൽ വിജ്ഞാനിയായ അക്വിനാസ് ഈ ആലോചനശീലം സൂക്ഷിച്ച മനുഷ്യനായിരുന്നു. Summa Theologia എന്ന അദ്ദേഹത്തിന്റെ ആ കടുകട്ടി പുസ്തകം അദ്ദേഹം രൂപപ്പെടുത്തുന്നതുപോലും ഈ ആലോചനാശീലം കൊണ്ട് മാത്രമാണ്. ദൈവത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള തർക്കത്തിന് ശാസ്ത്രീയമായിത്തന്നെ ഉത്തരം അദ്ദേഹം കണ്ടെത്തിയെന്നത് ഓർത്താൽ മാത്രം മതി ഈ മനുഷ്യാത്മാവിൽ ആലോചനയുടെ വിത്ത് എത്രയധികമുണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ. സമാനതകളില്ലാത്ത അഞ്ച് വ്യത്യസ്ത നിയമങ്ങളിലൂടെ ദൈവത്തിന്റെ അസ്തിത്വത്തെ അദ്ദേഹം എത്ര സുന്ദരമായാണ് നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്.

പാളിയ തീരുമാനങ്ങളുടെ മദ്ധ്യസ്ഥരായി മാറാതിരിക്കാൻ അല്പം ആലോചനശീലം പരിശുദ്ധ മറിയത്തിൽ നിന്നും വിശുദ്ധരായ വ്യക്തികളിൽ നിന്നും നമുക്കും ചോദിച്ചു വാങ്ങാം. ഈ ശീലം സ്വന്തമാക്കിയാൽ പിന്നെ ശാന്തതയുടെ മുഴുവൻ വ്യാകരണവും നമ്മൾ മനസ്സിലാക്കും. പിന്നെ കാൽതട്ടിവീഴുന്ന അനുഭവം നമുക്കും അന്യമാകും. ●





# അമ്മ നൽകുന്ന പരിശീലനം



റവ. ഫാ. ഡോ. ലൂർദ്ദ് സ്റ്റീഫൻ ISch

**മരിയം വിശുദ്ധിയിലേക്കുള്ള പരിശീലക**

പരിശുദ്ധ കന്യാമറിയത്തിന്റെ വ്യക്തിവൈശിഷ്ട്യത്തിൽ നിന്ന് ഉരിത്തിരുയുന്ന ഒന്നായിട്ടാണ് അവളുടെ പരിശീലക സ്ഥാനത്തെ കെന്റണിക്കച്ചൻ കണ്ടത്. മറിയം തന്റെ വിളിയോടും ദൗത്യത്തോടും വിശ്വസ്തയായിരുന്നു കൊണ്ട് തന്റെ തിരുസുതനോടൊത്ത് ദൈവവുമായുള്ള അഭേദ്യമായ ബന്ധത്തിലേക്ക് നമ്മെ നയിക്കുന്നു എന്ന ലക്ഷ്യത്തോടെ തന്റെ പരിശീലക സ്ഥാനം നിർവ്വഹിക്കുന്നുവെന്ന് അദ്ദേഹത്തിന് ബോധ്യമായിരുന്നു. തന്റെ പരിശീലക ദൗത്യം സുസാധ്യമാക്കുന്നതിന് മറിയത്തിന് നമ്മുടെ സഹകരണം ആവശ്യമുണ്ട്. സ്നേഹത്തിലും പരസ്പര ധാരണയിലും അധിഷ്ഠിതമായ ഒരു ബന്ധം ഉടലെടുക്കുമ്പോൾ മാത്രമേ പരിശീലനം ഫലവത്താകുകയുള്ളൂ. മറിയത്തിന്റെ പരിശീലക എന്ന പദവി സഭയുടെ അജപാലന രംഗത്ത് അംഗീകരിക്കപ്പെടുവാനും പ്രായോഗികമാകുവാനും കാലവിളംബം ഉണ്ടെന്ന് കെന്റണിക്കച്ചൻ ഊന്നിപറയുകയുണ്ടായി.



കൃപയുടെ ക്രമമനുസരിച്ച് മറിയം നമ്മുടെ മാതാവും മാതൃകയുമാണെങ്കിൽ നമ്മുടെ കൃപാവര ജീവിതത്തെ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നത് അവളുടെ കടമയാണെന്ന് കെന്റണിക്കച്ചൻ അനുയായികൾക്കും സുവ്യക്തമാക്കിയിരുന്നു. മറ്റുവാക്കുകളിൽ ഓരോ ക്രിസ്ത്യാനിയേയും അവന്റെ ജീവിതാന്ത്യം വരെ വിശുദ്ധിയിലേക്ക് നയിക്കുക എന്നുള്ളതാണ് മറിയത്തിന്റെ ഉത്തരവാദിത്വം പരിശുദ്ധ കന്യാമറിയത്തേക്കാൾ വിശുദ്ധിയുള്ളതായി മറ്റാരും ഇല്ലാത്തതിനാൽ ഈ പദവിക്ക് പൂർണ്ണമായും അവൾ യോഗിയാണ്. കെന്റണിക്കച്ചന്റെ അഭിപ്രായത്തിൽ മറിയത്തിന്റെ വൈകാരിക സ്വഭാവം പര്യവസാനിക്കുന്നത്

"പരി. അമ്മയുടെ സ്വാധീനത്താൽ നമ്മെ ഓരോരുത്തരെയും സ്വതന്ത്രവും ഉറച്ചതുമായ ക്രിസ്തീയ വ്യക്തിത്വങ്ങളാക്കി രൂപപ്പെടുത്തും."



ക്രിസ്തുവിന്റെ പരിശീലക എന്ന നിലയിലാണ്. "രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ചെയ്തതുപോലെതന്നെ ജനഗതിയുടെ പരിശീലകയായി മറിയം ഇന്നും ലോകത്തിലൂടെ സഞ്ചരിക്കുന്നു. നാശോന്മുഖമായ ക്രിസ്തീയ വ്യക്തിത്വത്തെയും സമൂഹത്തേയും ലോകക്രമത്തേയും രക്ഷിക്കാനായി എല്ലായിടത്തും ക്രിസ്തുവിന് ജന്മം നൽകാൻ മറിയം ആഗ്രഹിക്കുന്നു. അമ്മയും പരിശീലകയും ആയിരിക്കുക എന്നതിന് ഒത്തിരിസാമ്യമുണ്ട്. അമ്മയായിരിക്കുക എന്നാൽ യഥാർത്ഥത്തിൽ പരിശീലകയായിരിക്കുക എന്നാണ്.

വിശുദ്ധിയുടെ ശാസ്ത്രമായ ദൈവത്തിന്റെ പാഠശാലയിൽ താൻ മനസ്സിലാക്കിയതും സ്നേഹിച്ചതും ജീവിച്ചതുമായ ദൈവപരിജ്ഞാനത്തിന്റെ നിയമങ്ങളുമാണ് പരിശുദ്ധ അമ്മയുടെ രൂപീകരണരീതി എന്ന് കെന്റണിക്കച്ചൻ അഭിപ്രായപ്പെട്ടു. വിശുദ്ധരെ രൂപപ്പെടുത്തുക എന്നതാണ് മറിയത്തിന്റെ പരിശീലന ലക്ഷ്യം. ക്രിസ്തുവിനോട് താദാത്മ്യം പ്രാപിക്കാൻ തുറവിയുള്ള സന്താനങ്ങളെ രൂപപ്പെടുത്തുവാനുള്ള കർത്തവ്യമാണ് ക്രിസ്തു തന്റെ അന്ത്യാഭിലാഷമായി പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചത്.

**മറിയത്തിന്റെ പരിശീലന ലക്ഷ്യം: അനുദിന വിശുദ്ധർ**

ദൈവത്തിന്റെ ഛായയും സാദൃശ്യവുമായി ഓരോ ക്രിസ്ത്യാനിയും മാറുക എന്നതാണ് വിശുദ്ധിയിലേക്കുള്ള ക്രിസ്തീയ പരിശീലനത്തിന്റെ ആത്യന്തിക ലക്ഷ്യം ഒരു പരിശീലക എന്ന നിലയിൽ ക്രിസ്തു നമ്മിൽ രൂപപ്പെടുന്നതുവരെ മറിയം ഈറ്റു നോവനുഭവിക്കുന്നു. (ഗലാ. 4:19) കെന്റണിക്കച്ചൻ പറയുന്നു "നമ്മുടെ നിത്യ സഹായിക എന്ന നിലയിൽ അനുനിമിഷം കൃപാവരത്തിന്റെ ദൈവിക ജീവൻ നമ്മിൽ വർദ്ധിപ്പിക്കുവാനും ക്രിസ്തുമാർഗ്ഗത്തിലൂടെ നമ്മെ നയിക്കാനും പ്രലോഭനങ്ങളിൽ വിജയം വരിക്കുവാനും സദാനമ്മെ സഹായിക്കാൻ സന്നദ്ധയായി നിലകൊള്ളുവാൻ ആണ് പരിശുദ്ധ അമ്മ വിളിക്കപ്പെട്ടിരിക്കുന്നത്" അനുദിന വിശുദ്ധന്റെ പരിശീലക എന്ന മറിയത്തിന്റെ ദൗത്യവുമായി ബന്ധപ്പെട്ടാണ് ഷേൺസ്റ്റാട്ടിൽ വിശുദ്ധിയിലേക്കുള്ള വഴി നിലകൊള്ളുന്നത്. അനുദിന വിശുദ്ധിയുടെ പരിശീലനത്തിന് ദൈവത്തോടും സഹോദരങ്ങളോടും പ്രവർത്തിയോടും ഉള്ള ബന്ധം എന്നിങ്ങനെ വിവിധ ലക്ഷ്യങ്ങളുണ്ട്. ദൈവത്തെ പ്രസാദിപ്പിക്കുക. ഐക്യദാർഢ്യം പുലർത്തുക, സകലതിനേയും ആശ്ലേഷിച്ചുകൊണ്ട് പ്രയോജനപ്രദമായി ജീവിക്കുക എന്നിങ്ങനെയുള്ള മനോഭാവങ്ങൾ ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ആവശ്യമുണ്ട്. വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന മനുഷ്യ വ്യക്തിയുടെ മാനുഷികാന്തസ്സിനെ അവഗണിക്കുന്ന പ്രവണതകൾക്കെതിരെ നിലകൊള്ളാൻ അനുദിന വിശുദ്ധനെ സഹായിക്കുന്നവയാണ് ഇവ.

ഈ സംരഭത്തിൽ അമ്മയുടെ രീതികളും ജീവിതവും ആശ്രയിച്ചിരിക്കുന്നത് താനുമായി ഉടമ്പടിയിൽ ഏർപ്പെടുന്ന മക്കളുടെ സഹകരണത്തെയാണ്. നാം എത്രമാത്രം തുറവിയോടും ആഗ്രഹത്തോടും കൂടി രൂപീകരിക്കപ്പെടുവാൻ തയ്യാറാകുന്നുവോ അത്രമാത്രം ശുഷ്കാന്തിയോടെ നമ്മുടെ നേത്രങ്ങളിലെ കല്ലെടുത്തുമാറ്റുന്നതിന് അമ്മ തയ്യാറാണ്. വിശുദ്ധിയുടെ ഒരു പര്യായപദമായി ന്യൂനതയില്ലായ്മയെ കെന്റണിക്കച്ചൻ കാണുന്നില്ല. യാതൊരു കുറവുകളുമില്ലാത്ത എല്ലാം തികഞ്ഞ സർവ്വ പുണ്യങ്ങളുടെയും വിളനിലമായ ഒരു അസ്വാഭാവിക വിശുദ്ധനെ കെന്റണിക്കച്ചൻ വിഭാവനം ചെയ്യുന്നില്ല. ഓരോ ആത്മാവിലും മുറിവുകളും നിഴലുകളുമുണ്ടെന്നും വിശുദ്ധരുടെ ചരിത്രം കുറവുകളും പ്രതിസന്ധികളും നിറഞ്ഞതാണെന്നും കെന്റണിക്കച്ചൻ നിരീക്ഷിച്ചു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള നമ്മുടെ സ്നേഹം ലോലമാവുകയും നിരന്തര വികാരങ്ങളാലും കുറ്റബോധത്തിലും കലുഷിതവുമാണ്. മനുഷ്യ സ്നേഹം സാവകാശം ബലഹീനമാകുമെന്നും മാറ്റം ആഗ്ര

ഹിക്കുന്നുവെന്നും മനുഷ്യഹൃദയം ഒരു പക്ഷിയെപോലെ ഒരു ചില്ലയിൽ നിന്ന് മറ്റൊരു ചില്ലയിലേക്ക് ചേക്കേറാൻ വെമ്പൽ കൊള്ളുന്നുവെന്നത് വിശുദ്ധർക്ക് അനുഭവ വേദ്യമാണ്.

“പൂർണ്ണതയെ അഭ്യസിപ്പിക്കുന്ന ഒരു പാഠശാലയല്ല മറിച്ച് ദൈവപിതാവിന്റെയും കരുണാർദ്രസ്നേഹത്തിന്റെയും വീണ്ടെടുക്കപ്പെടേണ്ടതിന്റെ ആവശ്യകതയേയും കേന്ദ്രീകരിക്കുന്ന ആദ്ധ്യാത്മികതയാണ് അനുദിന വിശുദ്ധിയെന്ന് യാഥാർത്ഥ്യ ബോധത്തോടെ കെന്റണിക്കച്ചൻ പഠിപ്പിക്കുന്നു. ഈ പ്രയാണത്തിൽ ഓരോ വീഴ്ചയ്ക്കുശേഷം ഒരു പുതിയ തുടക്കത്തിന് നമ്മെ സഹായിക്കുകയെന്നതാണ് പരിശുദ്ധ അമ്മയുടെ ഉത്തരവാദിത്വം.

**മരിയത്തിന്റെ പരിശീലന പാഠശാല : കപ്പേള**

പരിശുദ്ധ അമ്മ കപ്പേളയിൽ വസിച്ചുകൊണ്ട് പരിശീലകയായി പ്രവർത്തിക്കുന്നുവെന്ന് കെന്റണിക്കച്ചനു കൂടുതൽ ബോധ്യമായി. 1954-ൽ തന്റെ പൂർവ്വവിദ്യാർത്ഥിയും പിൻകാലത്ത് മനസാക്ഷി സൂക്ഷിപ്പുകാരനുമായ അലക്സാണ്ടർ മെന്നിംഗനച്ചന് ഇപ്രകാരം എഴുതി,

“നമ്മുടെ പരിശീലകയായി മറിയം ഈ കപ്പേളയിലേക്ക് ഇറങ്ങിവരേണ്ടതുണ്ട്. ആമുഖ സ്ഥാപക രേഖ പ്രസ്താവിക്കും പോലെ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ വെറുതെ നമ്മെ രൂപികരിക്കുകയല്ല മറിച്ച് പരിശുദ്ധ അമ്മ നമ്മുടെ ഇടയിൽ വസിക്കുകയും തനിക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഏവരുടേയും രൂപീകരണം ഏറ്റെടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പരിശുദ്ധ അമ്മയാണ് ഈ കപ്പേളയിൽ വസിച്ചുകൊണ്ട് നമ്മുടെ രൂപീകരണത്തെ നയിക്കുകയും നിയതമായ ഘടനയുള്ളതും സമഗ്രമായ ഫലങ്ങൾ പുറപ്പെടുവിപ്പിക്കുന്നതുമായ നവീകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് ഇടവരുത്തുകയും ചെയ്യുന്നത്. അനുഗ്രഹ ഭണ്ഡാരത്തിലേക്കുള്ള നമ്മുടെ സംഭാവനകളും, *ബ്ലാങ്ക് ചെക്ക്, ഇൻസ്ക്രിപ്സിയോ* സമർപ്പണം തുടങ്ങിയ സമ്പൂർണ്ണ സമർപ്പണങ്ങളും പരിശുദ്ധ അമ്മയെ ഇതിലേക്ക് നയിക്കുന്നു. ആത്യന്തികമായി നമ്മെ പരിപൂർണ്ണമായി പരിശുദ്ധ അമ്മയ്ക്ക് നമ്മൾ നൽകുന്നു. അതിനുപകരമായി വിശുദ്ധിയുടെ ഉന്നതിയിലേക്കും അപ്പസ്തോലിക ഫലപ്രാപ്തിയിലേക്കും നമ്മെ നയിക്കുന്ന ശ്രേഷ്ഠമായ പരിശീലകയായി പരിശുദ്ധ അമ്മ മാറണമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു.



ചുരുക്കത്തിൽ പരിശുദ്ധ അമ്മക്ക് അനുഗ്രഹത്തിന്റെ ഒരു സ്ഥലം നൽകുകയും ആ ഇടത്തെ വിശുദ്ധരെ രൂപീകരിക്കുന്ന ഒരു കർമ്മശാലയാക്കി മാറ്റുകയും ചെയ്യുന്നു എന്നുള്ളത് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മികതയുടെ മാത്രം പ്രത്യേകതയാണ്. ഈ കപ്പേളയിൽ നിന്ന് പരിശുദ്ധ അമ്മയുടെ പരിവർത്തന രൂപീകരണം ഏവരും അനുഭവിക്കുകയും അമ്മയുടെ കരങ്ങളിലെ ഉപകരണങ്ങളായി അവരെ അയക്കുകയും ചെയ്യുന്നു . പരിശുദ്ധ അമ്മയുടെ വിശുദ്ധിയുടെ പാഠ്യശാലയുടെ ലക്ഷ്യം അനുദിന വിശുദ്ധർ ദൈവത്തിനു പ്രീതികരമാം വിധത്തിൽ ദൈവത്തോടും സഹോദരങ്ങളോടും ദൈനംദിന ജീവിത കർമ്മങ്ങളോടെ ഐക്യദാർഢ്യപ്പെട്ടിരിക്കുകയും സ്വാതന്ത്ര്യത്തോടും ധീരതയോടും കൂടെ പുതിയ മനുഷ്യനായി പരിശുദ്ധ അമ്മയുടെ കരങ്ങളിൽ മാറുകയും ചെയ്യുക എന്നുള്ളതാണ്.

**Mary is Our Educator എന്ന ലേഖനത്തിന്റെ മലയാള പരിഭാഷ തയ്യാറാക്കിയത്: ഫാ. ബിജോയ് കൊട്ടേക്കുടിയിൽ ISch**

■

“വരുംകാലങ്ങളിൽ സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഷേൺസ്റ്റാട്ട് കപ്പേളയുടെ സ്വാധീനം വലുതായിരിക്കും.”





# ജോസഫ് എംഗ്ലിങ്ങ്

ബ്ര.ജോ. അഗസ്റ്റിൻ ISch

വാഗ്ദാനങ്ങളിൽ എന്നും വിശ്വസ്തനായ ദൈവം ഓരോ കാലഘട്ടത്തിന്റെയും ആവശ്യാനുസരണം അവിടുത്തെ പ്രവാചകന്മാരെ അയച്ചു. വഴിതെറ്റുന്ന തന്റെ അജഗണത്തെ വീണ്ടും വഴിനടത്താൻ, വീണിടത്തുനിന്നും തന്റെ ജനത്തെ കൈപിടിച്ച് ഉയർത്താൻ. നമ്മുടെ കാലഘട്ടത്തിനതീതനായി ദൈവം തിരഞ്ഞെടുത്ത ഒരു പ്രവാചകനാണ് ഫാ. ജോസഫ് കെന്റണിക്. ആധുനിക ലോകത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ദിശയറിയാതെ നീന്തുന്ന ജനങ്ങളെ ദൈവശബ്ദം തിരിച്ചറിഞ്ഞ് ഒഴുക്കിനെതിരെ നീന്താൻ പഠിപ്പിച്ച ഈ കാലഘട്ടത്തിന്റെ



ആത്മീയ ഗുരുവായിരുന്നു ഫാ. ജോസഫ് കെന്റണിക്. പ്രഭ ചൊരിഞ്ഞ് ആകർഷിക്കുന്ന തീ നാളത്തിൽ ഒളിഞ്ഞിരിക്കുന്ന മരണത്തിന്റെ ഗന്ധമറിയാതെ ഓടി അടുക്കുന്ന ഈയാംപാറ്റകളെപ്പോലെ ഈ ലോകത്തിന്റെ ആകർഷണതകളിലേക്ക് പാഞ്ഞടുക്കുന്ന യുവാക്കൾക്ക് അദ്ദേഹം ഒരു മാർഗ്ഗദർശിയും വഴികാട്ടിയുമായിരുന്നു. കെന്റണിക്കച്ചൻ നട്ടുനനച്ച് വളർത്തിയ പൂങ്കാവനത്തിലെ വാടാത്ത യൗവന പുഷ്പമായിരുന്നു ജോസഫ് എംഗ്ലിങ്ങ്. നമ്മളിൽ ഒരുവനെപ്പോലെ ജനിച്ച്, വളർന്ന് ഒരു പക്ഷേ നമ്മെക്കാളും പരീക്ഷകളെയും പരീക്ഷണങ്ങളെയും അതിജീവിച്ച് ഒടുവിൽ യൗവനകാലഘട്ടത്തിൽ തന്നെ ദൈവസന്നിധിയിലേക്ക് തിരിച്ച് വിളിക്കപ്പെട്ടവനാണ്. ജോസഫ് എംഗ്ലിങ്. അദ്ദേഹത്തിന്റെ ജീവിതമാർഗ്ഗം ഈ കാലഘട്ടത്തിനുതന്നെ പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ഒരു വെല്ലുവിളിയും മാർഗ്ഗദർശനവുമാണ്.

ആധുനിക കാലഘട്ടത്തിൽ വിശുദ്ധിയിൽ വളരുകയെന്നത് (പ്രത്യേകിച്ചും യുവജനങ്ങൾ) ഒരു വെല്ലുവിളിയാണെന്ന് മനസ്സിലാക്കിയ ഫാ. കെന്റണിക്ക് മരിയൻ സൊഡാലിറ്റി പോലൊരു സംഘടനയക്ക് രൂപം നൽകി. ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ പൂർണ്ണ സഹകരണം കെന്റണിക്കച്ചന്റെ ആഗ്രഹമായിരുന്നു.

1912 ൽ ഒരു കൂട്ടായ്മയിൽ കെന്റണിക്കച്ചൻ വിദ്യാർത്ഥികളായ യുവാക്കളോട് പറഞ്ഞു "നമുക്ക് ഒരു സംഘടന രൂപീകരിക്കണം. ഞാൻ മാത്രമല്ല നമ്മൾ എല്ലാവരും കൂടെയാണ് അത് ചെയ്യേണ്ടത്. നിങ്ങളുടെ പൂർണ്ണ സഹകരണമില്ലാതെ ഒന്നും ചെയ്യാൻ ഞാൻ ആഗ്രഹി

ക്കുന്നില്ല. നമ്മൾ സഹകരിക്കുകയാണെങ്കിൽ നമുക്ക് ചിലതൊക്കെ ചെയ്യാൻ സാധിക്കുമെന്ന തിൽ സംശയമില്ല."

വിദ്യാർത്ഥികൾ തന്നെ വിദ്യാർത്ഥികൾക്കായ് രൂപീകരിച്ച ഒരു സംഘടന, പരിശുദ്ധ അമ്മയ്ക്ക് സ്വയം സമർപ്പിക്കുവാനും അങ്ങനെ അനുദിനവിശുദ്ധിയിൽ വളരുവാനും, ഇതായിരുന്നു കെന്റണിക്കച്ചന്റെ ലക്ഷ്യം. മാതാവിലൂടെ ക്രിസ്തുവിലേക്ക് അടുക്കുവാനുള്ള ഒരുപകരണമായാണവർ സംഘടനയെ കണ്ടത്. ഇതിലാരുടെയും നിർബന്ധമോ കാർക്കശ്യമോ ഇല്ലാത്തതിനാൽ വിദ്യാർത്ഥികൾ, വിശുദ്ധിയിൽ വളരുവാനുള്ള ഈ വിളി അവരുടെ തന്നെ ഉത്തരവാദിത്വവും സ്വാതന്ത്ര്യവുമായി കണക്കാക്കി. അനേകം യുവതീ യുവാക്കൾ ഈ സംഘടനയിൽ അംഗങ്ങളായി അനുദിന വിശുദ്ധിയിൽ വളർന്നു. അതിൽ ഒരാളായിരുന്നു ജോസഫ് എംഗ്ലിംങ്.

**വിശുദ്ധിയിലേക്കുള്ള വിളി.**

കെന്റണിക്കച്ചൻ ആരംഭിച്ച ഈ മരിയൻ സൊഡാലിറ്റിയിലെ ആരംഭകാലത്തെ ഒരംഗമായിരുന്നു ജോസഫ് എംഗ്ലിങ്. 1898 ജനുവരി അഞ്ചിന് പ്രോസ്റ്റണിലെ (ഇപ്പോൾ പോളണ്ടിന്റെ ഭാഗം) ഒരു കർഷക കുടുംബത്തിൽ ഏഴുകുട്ടികളിൽ നാലാമനായാണ് എംഗ്ലിങ് ജനിച്ചത്. ചെറുപ്പം മുതൽ മരിയഭക്തിയിൽ വളർന്നവനായിരുന്നു ജോസഫ്, വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുവാനും പള്ളിക്കാര്യങ്ങളിൽ സഹകരിക്കുവാനും അവൻ സദാ തൽപരനായിരുന്നു. പന്ത്രണ്ടാം വയസ്സിലാണ് കൊച്ചു ജോസഫ് തന്റെ പ്രഥമ ദിവ്യ കാരുണ്യം സ്വീകരിച്ചത്. അതിനായ് ഒരു വർഷത്തോളം ഒരുങ്ങുകയും തന്റെ അനുദിന ആത്മീയ വളർച്ചയെക്കുറിച്ച് ഒരു ഡയറിയിൽ എഴുതുകയുമുണ്ടായി. പ്രഥമ ദിവ്യകാരുണ്യസ്വീകരണദിവസം തന്നെ തനിക്ക് ഭാവിയിൽ ഒരു വിശുദ്ധനായ വൈദികനായി തീരണമെന്ന് അവൻ ആഗ്രഹിച്ചു. അത് തന്റെ ഡയറിയിൽ കുറിച്ചിടുകയും ചെയ്തു. 1912 സെപ്തംബറിൽ ജർമ്മനിയിലെ ഷേൺസ്റ്റാട്ട് എന്ന സ്ഥലത്തുള്ള പള്ളോട്ട്യൻ സഭയുടെ മൈനർ സെമിനാരിയിൽ വൈദീകപഠനത്തിനായ് ജോസഫും ചേർന്നു. സത്യസന്ധനും സ്നേഹനിധിയുമായിരുന്നു ജോസഫ്. അവിടെവച്ചാണ് ജോസഫ് എംഗ്ലിങ് അവരുടെ ആത്മീയ പിതാവും ദീർഘദർശിയുമായ കെന്റണിക്കച്ചനെ പരിചയപ്പെടുന്നതും തന്റെ ആത്മീയ ഗുരുവായി സ്വീകരിക്കുന്നതും.

**നിർബന്ധിത സൈനിക സേവനം**

ജോസഫിന്റെ സെമിനാരി ജീവിതകാലഘട്ടങ്ങൾ അത്ര മാധുര്യമേറിയതായിരുന്നില്ല. രാജ്യം അനുദിനം യുദ്ധക്കളമായ് മാറുകയായിരുന്നു. പട്ടിണിയും യുദ്ധകാഹളങ്ങളും അവന്റെ സ്വപ്നങ്ങളുടെ ചിറകരിഞ്ഞു. എന്നാൽ ഈ കാലഘട്ടങ്ങളിലും പ്രത്യാശയിൽ പിടിച്ചു നിർത്തിയത് മരിയൻ സൊഡാലിറ്റി പ്രവർത്തനങ്ങളും കെന്റണിക്കച്ചന്റെ ഉപദേശങ്ങളുമായിരുന്നു. 1916 നവംബർ മാസത്തിൽ അവസാനം അവർ ഭയന്നത് തന്നെ സംഭവിച്ചു. ജോസഫ് എംഗ്ലിങ് സൊഡാലിറ്റിയിലെ മറ്റ് പത്തുപേരോടുകൂടെ നിർബന്ധിത സൈനിക സേവനത്തിനായി വിളിക്കപ്പെട്ടു. തന്റെ പ്രിയമക്കളെ യുദ്ധഭൂമിയിലെക്കയക്കുന്ന ഒരു മാതാവിന്റെ വേദനയായിരുന്നു കെന്റണിക്കച്ചന്. എന്നാൽ എല്ലാം ദൈവഹിതമെന്ന് വിശ്വസിക്കുകയും, ദൈവഹിതത്തിന് വിട്ടുകൊടുക്കുകയും ചെയ്യുന്ന കെന്റണിക്കച്ചൻ പരിശുദ്ധ ദൈവമാതാവിന് അവരെ സമർപ്പിച്ച് ഉടമ്പടിയുടെ മദ്ധ്യസ്ഥയായ അമ്മയെ നിങ്ങൾ യുദ്ധഭൂമിയിലും മറക്കരുത്. അമ്മ നിങ്ങളെ അവിടുത്തെ സംരക്ഷണ വലയത്തിൽ കാത്തുകൊള്ളുമെന്ന ഉപദേശവുമായി യാത്രയാക്കി.

**യുദ്ധഭൂമിയിലെ ധീരമായ പോരാട്ടം.**

യുദ്ധഭൂമിയിൽ വിശുദ്ധിയിൽ വളരുകയെന്നത് ഒരു വെല്ലുവിളിയായി തന്നെ ജോസഫ് ഏറ്റെടുത്തു. പലരീതിയിലുള്ള പ്രലോഭനങ്ങളും കഷ്ടതകളും അവരെ വേട്ടയാടി, എന്നാൽ തന്റെ മാത്രമല്ല സൊഡാലിറ്റിയിൽ നിന്നുവന്ന എല്ലാ

വരുടെയും വിശുദ്ധ ജീവിതത്തിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. യുദ്ധഭൂമിയിലുള്ള തന്റെ കൂട്ടുകാരുമായി അദ്ദേഹം കത്തിടപാടുകളും സന്ദർശനവും നടത്തി. വിശുദ്ധിയിൽ വളരുവാനായി അവരെ പ്രോത്സാഹിപ്പിച്ചു. ആത്മീയ പിതാവായ കെന്റണിക്കച്ചനോട് നിരന്തരം കത്തുകളിലൂടെ ഉപദേശം തേടി. ഇതെല്ലാം വിശുദ്ധിയിൽ വളരുവാൻ പ്രത്യേകം സഹായിച്ചുവെന്ന് പിന്നീട് അദ്ദേഹം പറയുകയുണ്ടായി. യുദ്ധത്തിന്റെ എല്ലാ പ്രതികൂല സാഹചര്യങ്ങളിലും സൊഡാലിറ്റിയുടെ ആദർശങ്ങളനുസരിച്ചും മാതാവിന്റെ ഉടമ്പടിയിലുള്ള വിശ്വസ്തതയിലും ജോസഫ് ജീവിച്ചു. ജോസഫിന്റെ ആത്മീയ തീഷ്ണത അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെ പരിഹാസത്തിനും ആദരവിനും കാരണമായി. 1918 മെയ് 30 ന് ജോസഫ് എംഗ്ലിങ്, കെന്റണിക്കച്ചന് എഴുതിയ കത്തിൽ ഇങ്ങനെ എഴുതിയിരുന്നു : " ഇന്ന് എനിക്ക് അദ്ധ്യാത്മിക നവീകരണത്തിന്റെ ദിവസമാണ്. ഷേൺസ്റ്റാട്ടിൽ ചിലവഴിച്ച ദിവസങ്ങളും സൊഡാലിറ്റിയോടുള്ള എന്റെ അഭിനിവേശത്തേയും കുറിച്ച് ഞാൻ ഓർത്തു. എന്റെ ആത്മീയ തീഷ്ണത കളയാതെ സൂക്ഷിക്കുമെന്ന് പരിശുദ്ധ അമ്മയ്ക്ക് ഞാൻ ഉറപ്പുകൊടുത്തു. കഴിഞ്ഞ ദിവസങ്ങളിൽ എന്റെ ഇടത്തും വലത്തും ഗ്രനെയ്ഡുകൾ വീണുകൊണ്ടിരുന്നപ്പോൾ പതിവുപോലെ അമ്മയോട് പ്രാർത്ഥിക്കുകയും അരൂപിയിൽ അമ്മയുടെ കപ്പേള സന്ദർശിക്കുകയും ചെയ്തു.

**വിജയരഥത്തിൽ**

ഒന്നാം ലോക മഹായുദ്ധം ഏകദേശം അതിന്റെ അവസാന കാലഘട്ടത്തിലേക്ക് പ്രവേശിക്കുന്ന സമയം, 1918 ഒക്ടോബർ മാസത്തിലെ ഒരു സായം കാലം മരണം ഒരു ഷെല്ലാക്രമണത്തിന്റെ രൂപത്തിൽ ജോസഫ് എംഗ്ലിങിനെ കവർന്നെടുക്കുകയായിരുന്നു. കെന്റണിക്കച്ചൻ എംഗ്ലിങിന്റെ മരണവാർത്ത അറിഞ്ഞപ്പോൾ ഒരു നിമിഷം കണ്ണുകളടച്ച് പ്രാർത്ഥിച്ചുകൊണ്ട് പറഞ്ഞു. " സൊഡാലിറ്റിക്ക് ഇപ്പോൾ അതിന്റെ ആദ്യ വിശുദ്ധനെ ലഭിച്ചിരിക്കുന്നു." പ്രതികൂല സാഹചര്യങ്ങളോട് പടവെട്ടി മാതാവിനോടുള്ള ഉടമ്പടിയിൽ അവസാന ശ്വാസം വരെ വിശ്വാസ്യത പുലർത്തി സ്വർഗ്ഗം പുൽകിയ നമ്മുടെ കൊച്ചു കൂട്ടുകാരൻ.

സാഹചര്യങ്ങളെ ശപിക്കുകയും കാലഘട്ടത്തെ പഴിചാരുകയും ചെയ്യുന്ന ഒരു സുഹൃത്തിന്റെ ഭാഗങ്ങളാണ് നാമോരോരുത്തരും. ഈ കാലഘട്ടത്തിലാണ് ജോസഫ് എംഗ്ലിങ്ങിനെപ്പോലെ കലുഷിത സാഹചര്യങ്ങളോട് പടവെട്ടി വിശുദ്ധിയിൽ ജീവിച്ചവരുടെ മാഹാത്മ്യം. ഏതു പ്രതികൂല സാഹചര്യങ്ങളിലും ക്രിസ്തുവിൽ ആയിരിക്കുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി. അവനും അവളും ചെയ്യുന്നതുകൊണ്ട് ഞാനും ചെയ്യുന്നു എന്ന് പറയാൻ ആർക്കും സാധിക്കും എന്നാൽ ഒഴുക്കിനെതിരെ നീന്തി ലക്ഷ്യം പ്രാപിക്കുന്നവനാണ് യഥാർത്ഥ ഹീറോ. ഒരു നിമിഷം നമുക്കും ചിന്തിക്കാം, എല്ലാവരും അങ്ങനെ ഒക്കെ ചെയ്യുന്നതുകൊണ്ട് ഞാനും അങ്ങനെ വേണമെന്നുണ്ടോ? അവനും അവൾക്കും വിശുദ്ധിയിൽ ജീവിക്കാമെങ്കിൽ പിന്നെന്തുകൊണ്ട് എനിക്കായിക്കൂടാ.

■



**ജോസഫ് എംഗ്ലിങ് കെന്റണിക്ക് അച്ചനോടൊപ്പം**

## ചിരിക്കാൻ ചിന്തിക്കാൻ

വെള്ളപ്പൊക്ക കെടുതിമൂലം കഷ്ടപ്പെടുന്നവരെ സഹായിക്കണമെന്ന കടുത്ത ആഗ്രഹത്തിലായിരുന്നു തോമാകുട്ടി സാറും അദ്ദേഹത്തിന്റെ ഭാര്യയും. അതിനു പുറകിൽ ചെറിയൊരു സ്വാർത്ഥ താൽപര്യവുമുണ്ട് എന്നു കൂടി വേണം പറയാൻ. രണ്ടുപേർക്കും മറ്റുള്ളവരുടെ മുമ്പിൽ അറിയപ്പെടണം. ടി.വി-യിലും മറ്റു പേപ്പറുകളിലും ഫോട്ടോയും, വാർത്തയുമെല്ലാം വരണം. രണ്ടുപേരും നന്നായി അദ്ധ്വാനിച്ചു. അവരുടെ ഇല്ലായ്മയിൽ നിന്നും ഒരു വലിയ ലിസ്റ്റ് സാധനങ്ങൾ തന്നെ അവർ തരപ്പെടുത്തി എന്നു വേണം പറയാൻ. രണ്ടു പേരുടേയും മനസ്സും ഹൃദയവും ഒരുപോലെ സന്തോഷിച്ചു. ഇത്രയും സാധനങ്ങൾ തരപ്പെടുത്താൻ പറ്റുമെന്ന് സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചില്ല. അവർ പോകുവാനുള്ള തീയതിയും ഉറപ്പിച്ചു. അപ്പോഴാണ് അതു സംഭവിച്ചത്. രണ്ടുപേരുടെയും പ്രതീക്ഷകളെ തല്ലി കെടുത്തുന്ന രീതിയിലായിരുന്നു ബംഗാളി വിനോദിന്റെ ആക്രമണം. ഒരു രാക്ഷസനെപ്പോലെയായിരുന്നു ബംഗാളി വിനോദിന്റെ വിളയാട്ടം. അവന്റെ മുമ്പിൽ ഒരു ചെറുവിരൽ അനക്കാൻ പോലും തോമാകുട്ടി സാറിനാകില്ല ഇതുവരെ കഷ്ടപ്പെട്ടുണ്ടാക്കിയതെല്ലാം ബംഗാളി കൊണ്ടുപോയി, എന്നതു മാത്രമല്ല രണ്ടുപേരും ഗുരുതര പരുക്കുകളോടെ ആശുപത്രിയിലാവുകയും ചെയ്തു. അവരുടെ വാർത്ത പത്രത്തിന്റെ ചെറിയ ഒരു മുക്കിൽ ഇടം പിടിച്ചു. "ബംഗാളി വിനോദിന്റെ ആക്രമണത്തിൽ പരിക്കേറ്റ തോമാകുട്ടി സാറും ഭാര്യയും ഗുരുതരാവസ്ഥയിൽ" തങ്ങൾ കൊട്ടിഘോഷിക്കാൻ ആഗ്രഹിച്ച കാര്യങ്ങൾ ഒന്നും ഒരിടത്തും വന്നതേയില്ല...

**നമുക്കൊന്നു കാതോർക്കാം**

"നിന്റെ വലത്തു കൈ ചെയ്യുന്നത് ഇടത്തു കൈ അറിയാതിരിക്കട്ടെ"

**JK**

**കവിത**



## പുൽത്തുടി

**ലിജി മാത്യു**

നടവഴിയിൽ കല്ലടരിൻ വിടവിൽ
ഒരു പിടിയുതിർമണ്ണിൽ പദമൂന്നി
തൊഴുതെഴുന്നേറ്റു തളിർപച്ചിലകൾ
ചിറകുകളാക്കിയുയർന്നു പറക്കാൻ
കഴിയാതുള്ളുവിതുമ്പിയ നാളിൽ
മൃദുമാരുതനായ് വന്നവിടുന്നെൻ
നറുകയിലധരമണച്ചപ്പോഴാ
കഴലുകളിൽ ഞാൻ വീണു കരഞ്ഞു
"മണ്ണിലടക്കം ചെയ്തപദങ്ങൾ
തെല്ലുമനക്കാതലസലയത്തിൽ
പീലി നിവർത്തി മയൂരത്തെപ്പോലാടുക"
യെന്നു പതുക്കെ കാതിൽ
പാടി വിദൂരെ മറഞ്ഞു മഹാത്മൻ
അഴുകലുകൾ, കൈതൊടുകിലറയ്ക്കും
മലിനതകൾ കൊണ്ടെന്നുടെ മെയ്യിൽ
ഹരിതിമകൾ  പൂ മൃദുലതകൾ
മധുമധുരിമകൾ നിറകഴകുകളും
പരിമളവും അതി ചതുരം പണിതു
പലപലമാതിരി നിറമഷികളിലായ്
നിറയെ നിഗൂഢ പുരാതന ലിപിയിൽ
അതിപ്രണയാതുര സന്ദേശങ്ങൾ
ചിറകിലോരോ വിധമെഴുതിയ പറവകൾ
കൊതിപ്പൂണ്ടനവരതം തിരയും
വിധമതി  മതിമോഹകമായ്
മമാർഹത ഗൗനിക്കാതെ മമരൂപം എഴുതി
അങ്ങനെയിങ്ങനെ എന്നെയുമവിടു-
ന്നിന്ദ്രിയമഞ്ചിനുമനുഗുണമാക്കി
അനന്തതതൻ നട വഴിയിൽ നിറുത്തി
തണുവുറയും ഹരിതാഗ്നികണ
ക്കണയാതെരിയും മമ തളിർ നാളങ്ങൾ
ഇനി ഞെരിയും വഴിയാത്രക്കാരുടെ
ചുവടടിയിൽ, എൻ പ്രാണൻ പിടയും
ഉയിരണയും വേദനയിലുമെന്നുടെ ഉടലൊരു
നൽ പുൽത്തുടിയായ് മാറും
അതു താവക ഹൃദയസ്പന്ദത്തോടിട
ചേരുമനശ്വരമാകും ■

# പ്രവാചക ചരിത്രം



## ഷേൺസ്റ്റാട്ട് കപ്പേളയുടെ തുടക്കത്തിലേക്ക്

ഡോ. ജോയ് പുതുശ്ശേരി ISch

ജൂൺ 18-ാം തിയ്യതി 'അൾഗമൈൻ' റൂണ്ട് ഷൗ എന്ന മാസികയുടെ ഒരു കോപ്പി കെന്റണിക്കച്ചന് ലഭിച്ചു. അതിൽ ഇറ്റലിയിലെ വാലെ ഡി പോംബൈ മരിയൻ തീർത്ഥാടന കേന്ദ്രത്തിന്റെ ചരിത്രത്തെക്കുറിച്ച് ഫാ. ഗെബ്രിയാൻ ഫ്രോയിലിഹ് എഴുതിയിരുന്നു. ഈ തീർത്ഥാടനകേന്ദ്രത്തിന്റെ ആരംഭത്തിനു കാരണം ഫാത്തിമയിലോ ലൂർദ്ദിലോ ഉള്ളതു പോലുള്ള മാതാവിന്റെ ദർശനമല്ല മറിച്ച് 'ബർത്താലോ ലോംഗോ' എന്ന ഇറ്റാലിയൻ വക്കീലിന്റെ ത്യാഗവും പ്രവർത്തനങ്ങളുമാണ് ഇതിന്റെ പിന്നിൽ. എന്തുകൊണ്ട് വി. മിഖേയേലിന്റെ കപ്പേളയും അങ്ങനെ ആയിക്കൂടായെന്ന് കെന്റണിക്കച്ചൻ ചിന്തിച്ചു.

1914 ജൂലൈ 27-ന് ഓസ്ട്രിയ സെർബിയെക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ആഗസ്റ്റ് ഒന്നിന് ജർമ്മനി റഷ്യയോടും രണ്ട് ദിവസങ്ങൾക്കു ശേഷം ഫ്രാൻസിനോടും യുദ്ധം പ്രഖ്യാപിച്ചു. അങ്ങനെ ആദ്യത്തെ യൂറോപ്യൻ യുദ്ധം ആരംഭിച്ചു. അതാണ് പിന്നീട് ഒന്നാം ലോകയുദ്ധമായി മാറിയത്.

യാദൃശ്ചികമായി ഒന്നും സംഭവിക്കുന്നില്ലായെന്നും എല്ലാ സംഭവങ്ങളിലും ദൈവത്തിന്റെ സ്വരം ഉണ്ടെന്നും അത് കേൾക്കുകയും, തിരിച്ചറിയുകയും വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് മനുഷ്യരുടെ കടമയെന്നും കെന്റണിക്കച്ചൻ ഉദ്ബോധിപ്പിച്ചു.

വേനൽക്കാല അവധികഴിഞ്ഞ് ഒക്ടോബറിൽ വിദ്യാർത്ഥികൾ തിരിച്ചെത്തി. അതേമാസം 18-ാം തിയ്യതി കെന്റണിക്കച്ചൻ അവരോട് ഒരു പ്രസംഗം നടത്തി. പിന്നീട് ഈ പ്രസംഗം ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകരേഖയായിട്ടാണ് അറിയപ്പെട്ടത്. കാലത്തിന്റെ സൂചനകളെ വ്യാഖ്യാനിച്ചുകൊണ്ട് വലിയ ഒരു വേലിയേറ്റത്തിന്റെ കാലം തുടങ്ങുകയാണെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധം ചരിത്രത്തിന്റെ ഗതിയും, യുദ്ധം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ക്രൈസ്തവജീവിതത്തിന്റെ ഗതിയും രൂപപ്പെടുത്തുമെന്ന് അദ്ദേഹം മനസ്സിലാക്കി. യുദ്ധം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ക്രൈസ്തവജീവിതത്തിന്റെ നവീകരണത്തിന് വേണ്ടി അദ്ദേഹം ഉപയോഗപ്പെടുത്തി. "നമുക്കും എല്ലാവർക്കും യുദ്ധത്തിലും അതിന്റെ വിജയത്തിലും പങ്കെടുക്കാൻ കഴിയുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു. യുദ്ധം നയിക്കുന്നവരുടെ ഉപദേശകസമിതി ഉപദേശം നൽകി. അതുവഴി ലോകത്തിന്റെ ചരിത്രരചനയിൽ നമുക്കും പങ്കുചേരാം. ഉദാസീനതയിൽപ്പെട്ട് ഉഴലുന്ന ഉപകാരശൂന്യമായ ഉപകരണങ്ങളല്ല നാം. നമുക്ക് സുപ്രധാനമായ കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. നമ്മുടെ പിതൃഭൂമിയെ വിജയത്തിലേക്ക് നയിക്കാനുള്ള നമ്മുടെ ആയുധം നിസ്വാർത്ഥമായ ത്യാഗവും, സ്വന്തമായ അച്ചടക്കവും, സ്വാർത്ഥതയ്ക്ക് അതീതമായ സ്വയം നവീകരണവുമാണ്". വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിൽ പ്രവാചക ദൗത്യങ്ങൾ ഏറ്റെടുക്കുക ദൈവജനത്തിന്റെ കടമയാണെന്ന പ്രബോധനത്തോട് ഒത്തു പോകുന്നതായിരുന്നു കെന്റണിക്കച്ചന്റെ ചിന്ത.

കഴിഞ്ഞ മാസങ്ങളിൽ തന്നെ ചിന്തിപ്പിച്ച, തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരാഗ്രഹം

"നിസ്വാർത്ഥതയ്ക്കും അനശ്വരതയ്ക്കും വേണ്ടി പരിശ്രമിക്കുക."



അദ്ദേഹം വിദ്യാർത്ഥികളുടെ മുമ്പിൽ വെളിപ്പെടുത്തി. പത്രോസിന്റെയും യാക്കോബിന്റെയും യോഹന്നാന്റെയും മുമ്പിൽ താബോർ മലയിൽ വെച്ച് ക്രിസ്തുവിനുണ്ടായ രൂപാന്തരീകരണത്തെ താരതമ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം തന്റെ വിദ്യാർത്ഥികളോട് ചോദിച്ചു: "നമ്മുടെ ഈ സൊഡാലിറ്റി കപ്പേളയും മാതാവിന്റെ മഹത്വം വെളിപ്പെടുത്തുന്ന മറ്റൊരു താബോർ മലയായി മാറ്റിക്കൂടെ? അദ്ദേഹം തുടർന്നു; പരിശുദ്ധ അമ്മയുടെ പ്രത്യേക വാസസ്ഥലമായി അനുഗ്രഹങ്ങൾ ചൊരിയുവാനും അത്ഭുതങ്ങൾ പ്രവർത്തിക്കാനുമായി ഈ കപ്പേളയെ മാറ്റാതെ ധീരമായ അപ്പസ്തോലിക പ്രവർത്തനം ചെയ്യാനോ, നമ്മുടെ പിൻഗാമികൾക്ക് തനതായ ഒരു പൈതൃകം കൊടുക്കാനോ നമുക്ക് സാധിക്കുകയില്ല".

പ്രസംഗം കഴിഞ്ഞ് വിദ്യാർത്ഥികൾ എല്ലാവരും പിരിഞ്ഞുപോയി. പ്രത്യേകമായി എന്തെങ്കിലും സംഭവിച്ചതായി ആർക്കും തോന്നിയില്ല. പക്ഷെ, ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന് ഒക്ടോബർ 18-ാം തീയതി ചരിത്രത്തിലെ ഒരു സുപ്രധാന ദിവസമായിരുന്നു. ദൈവത്തിന്റെ സ്വരത്തിന് ഫാ. കെന്റണിഹ് തന്റെ വിശ്വാസത്തിന്റെ ഭാഷയിൽ മറുപടി നൽകി. തന്റെ ജീവിതത്തിലെ സുപ്രധാനമായ നടപടികളിൽ ഒന്നാണ് താൻ അന്ന് കൈക്കൊണ്ടതെന്ന് പിന്നീട് അദ്ദേഹം പറയുകയുണ്ടായി. തന്റെ ജീവിതത്തിൽ പലപ്പോഴും ദൈവീകപദ്ധതിക്ക് അനുസൃതമായി നിർണ്ണായകമായ അനേകം തീരുമാനങ്ങൾ അദ്ദേഹം കൈക്കൊണ്ടിട്ടുണ്ട്.

ലോകചരിത്രത്തിൽ ചെറുതും അപ്രധാനവുമായ സംഭവങ്ങൾ ഉന്നതനും അത്യുന്നതവുമായ കാര്യങ്ങൾക്ക് ഉപാധികളായിത്തീർന്നത് കെന്റണിക്കച്ചൻ പലപ്പോഴും പറയാറുണ്ടായിരുന്നു. നമ്മുടെ കാര്യത്തിലും എന്തുകൊണ്ട് അങ്ങനെ ആയിക്കൂടാ?

■

കഥ

# നിനക്കു വേദനിച്ചോ?

പ്രാണനുതുല്യം സ്നേഹമായിരുന്നു അവർ തമ്മിൽ! സന്തോഷകരമായ നാളുകൾക്കിടയിൽ യുവാവായ അമ്മയുടെ ആ മകൻ ഒരിക്കൽ ഒരു സുന്ദരിയായ പെൺകുട്ടിയെ കണ്ടുമുട്ടാൻ ഇടയായി. അവർ പരസ്പരം ഇഷ്ടത്തിലാകാൻ അധികം നാളുകൾ വേണ്ടിവന്നില്ല. ദിവസങ്ങൾ കടന്നുപോകുന്തോറും അവരുടെ പ്രണയം കലശലായിക്കൊണ്ടിരുന്നു. ഒരുനാൾ അമ്മ മകനോട് ചോദിച്ചു എന്താണ് അവനെ വല്ലാതെ അസ്വസ്ഥനാക്കുന്നത് എന്ന് ഒന്നും ഇല്ല അമ്മേ എന്ന് പറഞ്ഞ് മകൻ ഒഴിഞ്ഞുമാറിയതല്ലാതെ താൻ പരിചയപ്പെട്ട യുവതിയുമായുള്ള പ്രണയത്തെക്കുറിച്ച് പറയാൻ അവൻ മടിച്ചു.

അടുത്ത ദിവസം അവൻ തന്റെ കാമുകിയെ കണ്ടുമുട്ടിയപ്പോൾ അമ്മയ്ക്ക് തങ്ങളുടെ പ്രണയബന്ധത്തിൽ ചില സംശയങ്ങൾ തോന്നിത്തുടങ്ങിയിട്ടുണ്ട് എന്നൊരു സന്ദേഹം അവൻ അവളെ അറിയിച്ചു. അതിനാൽ ഉടൻ തന്നെ വിവാഹിതനാകാൻ അവൻ ആഗ്രഹം അറിയിച്ചു. എന്നാൽ അവന്റെ മോഹങ്ങൾക്കപ്പുറമായിരുന്നു കാര്യങ്ങൾ. വിവാഹം നടത്തണമെങ്കിൽ അതിനു മുമ്പേ ചില നിബന്ധനകൾ പൂർത്തിയാക്കണമെന്ന് അവൾ അറിയിച്ചു. അവളുടെ ഏതാഗ്രഹവും സാധിച്ചുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്യാൻ അവന് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നില്ല. അവളുടെ ഏതാഗ്രഹവും സാധിച്ചുകൊടുക്കാൻ താൻ തയ്യാറാണെന്നും അവളെക്കൂടാതെ ഇനിയങ്ങോട്ട് ഒരു നിമിഷം പോലും ജീവിക്കാൻ തനിക്കാവില്ല എന്നും അവൻ തീർത്തുപറഞ്ഞു. അപ്പോൾ അവൾ തന്റെ നിബന്ധന അവനെ അറിയിച്ചു. അവനെ പ്രാണനു തുല്യം സ്നേഹിക്കുന്ന അവന്റെ അമ്മയുടെ ഹൃദയം ഒരു തളികയിൽ വച്ച് അവൾക്ക് സമ്മാനിക്കണമത്രേ. അവളുടെ വിചിത്രമായ ഈ ആഗ്രഹത്തിന്റെ കാരണമെന്താണ് എന്ന് അവൻ ചോദിച്ചു.

30-ാം പേജിൽ തുടർച്ച



# ബാലദൂത്



## വിനീതരെ ഉയർത്തുന്ന ദൈവം

ജർമ്മനിയിലെ നാസിഭരണകൂടത്തിന്റെ കിരാത വാഴ്ചയേയും അതിന്റെ നേതാവായ അഡോൾഫ് ഹിറ്റ്ലറെയും ജോസഫ് കെന്റ്ണിക് എന്ന വൈദികൻ (ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ സ്ഥാപകനും പിതാവും) ഉപമിച്ചത് പഴയനിയമത്തിലെ ഇസ്രായേൽ ജനത്തിനെ കൂട്ടകൊല ചെയ്യാൻ വന്ന അതിശക്തനും ഫിലിസ്ത്യ യോദ്ധാവുമായ മല്ലൻ ഗോലിയാദിനോടാണ്. അവനെ നേരിടാൻ വന്ന ദാവീദാകട്ടെ ഒരു പടയാളിയുടെ പടച്ചട്ട ധരിക്കാനോ വാൾ ഉയർത്താനോപോലും പറ്റാത്ത വിധം അശക്തനും ബലഹീനതയുടെ പര്യായവുമായിരുന്നു. എന്നാൽ ദാവീദ് തന്റെ നിസാരതയിലും ബലഹീനതയിലും ആശ്രയം അർപ്പിച്ചത് ഇസ്രായേലിന്റെ സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയിലും കരുണയിലുമായിരുന്നു. അതിശക്തനായ ഗോലിയാദിനെ ദാവീദ് വെറും കല്ലും കവണയും കൊണ്ട് നേരിടുകയും ഇസ്രായേലിനെ അവന്റെ കൈകളിൽ നിന്നു രക്ഷിക്കുകയും ചെയ്തു.

പ്രിയകൂട്ടുകാരേ,

ശത്രുവിനെതിരെയുള്ള പോരാട്ടത്തിൽ നമ്മുടെ ബലഹീനതകളെയും കുറവുകളെയും ദൈവത്തിന്റെ ശക്തിയിലും കരുണയിലും സമർപ്പിച്ചുകൊണ്ട് മുന്നേറാൻ നമുക്കും സാധിക്കട്ടെ. നമ്മുടെ കോപം, മടി, അസൂയ, അഹങ്കാരം, സ്വാർത്ഥത തുടങ്ങിയവെയല്ലാം നമ്മുടെ ശത്രുക്കൾ തന്നെ! നാം അവയെ നമ്മുടെ ഉള്ളിൽ നിന്നും തുരത്തി ഓടിക്കേണ്ടതുണ്ട്. ബലഹീനരായ നമുക്ക് നമ്മുടെ ശത്രുക്കളെ ജയിക്കാൻ പറ്റാതെവരുമ്പോൾ ഏറ്റവും എളിമയോടെ നാം ദൈവത്തിൽ ആശ്രയം അർപ്പിക്കണം. എല്ലാ ദുരിതത്തിൽ നിന്നും ദൈവം നമ്മെ രക്ഷിക്കും. ദൈവം അഹങ്കാരികളെ തകർക്കുകയും വിനീതരെ ഉയർത്തുകയും ചെയ്യുന്നു.

**സ്നേഹപൂർവ്വം**

**നിങ്ങളുടെ ദോസ്ത്**

---

തന്നെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതലായി അവൻ മറ്റാരെയും സ്നേഹിക്കുന്നതോ മറ്റൊരാൾ അവനെ സ്നേഹിക്കുന്നതോ താൻ ഇഷ്ടപ്പെടുന്നില്ല എന്നതായിരുന്നു അവളുടെ മറുപടി. എന്ത് പറയണം എന്നറിയാതെ അവൻ പതറി.

നാൾക്കുനാൾ വിഷാദത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മകനെ ഓർത്ത് അമ്മയുടെ ഹൃദയം തകർന്നു. ഒടുവിൽ ഒരുനാൾ അവൻ ആ സത്യം അമ്മയെ അറിയിച്ചു. – തന്റെ പ്രണയിനിക്ക് കൊടുത്തുപോയ വാഗ്ദാനമാണ് തന്റെ ദുഃഖത്തിന്റെ കാരണമെന്ന്. അമ്മയുടെ ഉള്ളം പിടഞ്ഞു. എങ്കിലും അവൾ മകനെ ചേർത്തുപിടിച്ചുകൊണ്ട് പറഞ്ഞു, " നീ ആഗ്രഹിക്കുന്നതുപോലെ അവളെ സ്വന്തമാക്കുക. നിന്റെ സന്തോഷത്തിനായി ഞാൻ മരിക്കുന്നതിലും ഞാൻ സന്തോഷിക്കുന്നു."

ഏറെ ദുഃഖത്തോടെയാണ് അവൻ അമ്മയുടെ ഹൃദയം തളികയിലാക്കിയത്. അവൻ അതുമായി അതിവേഗം ഓടി. സുന്ദരിയായ തന്റെ പ്രിയതമയ്ക്ക് നല്കാനായി. ആ ഓട്ടത്തിനിടയിൽ അവൻ കാൽതട്ടി മുഖമടച്ച് വീണു. ആ വീഴ്ചയിൽ അവന്റെ കയ്യിലെ രക്തം ഇറ്റുവീണുകൊണ്ടിരിക്കുന്ന അമ്മയുടെ ഹൃദയവും ഒന്ന് പിടഞ്ഞു. ആ മാതൃഹൃദയത്തിൽ നിന്നും തേങ്ങലോടെയുള്ള ഒരു മൃദുസ്വരം അവൻ കേട്ടു – "മോനേ നിനക്കു വല്ലതും പറ്റിയോടാ?" ■

"ദൈവം സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദൈവമാണ്."



# ഹൃദയമൊഴി

ഡോ. ജോയ് പുതുശ്ശേരി ISch

## വിശുദ്ധിയുടെ നിറം

ഒരിക്കൽ വി. തോമസ് അക്വീനാസിനോട് ഒരാൾ ചോദിച്ചു. എന്ത് പ്രവർത്തിയാണ് ഏറ്റവും കുലീനവും ദൈവത്തോടുള്ള നമ്മുടെ സ്നേഹം പ്രകടിപ്പിക്കുന്നതും. തെല്ലിടപോലും ആലോചിക്കാൻ സമയം എടുക്കാതെ അദ്ദേഹം പറഞ്ഞു: "അയൽക്കാരനോടുള്ള കരുണയുടെ പ്രവർത്തികളാണ് ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെടുന്നത്". അത് തന്നെയാണ് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് "നമ്മൾ ക്രിസ്തുവിനെ ധ്യാനിക്കുവാൻ പരിശ്രമിക്കുകയാണെങ്കിൽ, ആദ്യം നമ്മൾ ക്രിസ്തു ആരുമായിട്ടാണോ അനുരൂപപ്പെടാൻ പരിശ്രമിച്ചത് അവരുടെ മുഖങ്ങളിൽ ക്രിസ്തുവിനെ കാണാൻ കഴിയണം".

ഇത്തരത്തിലുള്ള വിശുദ്ധിയുടെ മനോഭാവത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഫ്രാൻസിസ് പാപ്പ ഈ മാർച്ച് 19-ന് ഇറക്കിയ "സന്തോഷിച്ച് ആനന്ദിക്കുക (Guadete et Exsultate)" എന്ന അപ്പസ്തോലിക പ്രബോധനം. മൂല്യങ്ങൾ ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ആധുനിക ലോകത്ത് ഏത് രീതിയിലാണ് ഓരോ ക്രൈസ്തവനും ജീവിക്കേണ്ടതെന്ന് ഓർമ്മപ്പെടുത്തലാണ് അപ്പസ്തോലിക പ്രബോധനത്തിന്റെ കാതൽ.

എന്താണ് വിശുദ്ധിയുടെ നിറമെന്ന് ചോദിച്ചാൽ മാനുഷികത നിറഞ്ഞതായിരിക്കണമെന്നാണ് പാപ്പ ഭാഷ്യം. മനുഷ്യത്വത്തോടെ മറ്റുള്ളവരോട് പെരുമാറാനും ഇടപഴകാനും കഴിയുക. ആർദ്രതയുടെ മുഖവും അലിവിന്റെ വാക്കുകളും സ്നേഹത്തിന്റെ പുഞ്ചിരിയും വിശുദ്ധിയുടെ നിറഭേദങ്ങളാണ് . വിശുദ്ധിയുടെ പാരമ്പര്യമായിട്ടുള്ള നിർവ്വചനത്തിന് അപ്പുറമാണ് പാപ്പ നൽകുന്ന വ്യാഖ്യാനം. ആദ്ധ്യാത്മിക നിർവൃതി നൽകുന്ന പ്രാർത്ഥനകൾ ചൊല്ലിയതുകൊണ്ടോ തീർത്ഥാടനങ്ങൾ നടത്തിയതുകൊണ്ടോ ആരും വിശുദ്ധരാകില്ല. അതിലുപരി എവിടെ ആയാലും എന്ത് ചെയ്യുക ആണെങ്കിലും സ്നേഹത്തോടെ ജീവിച്ചുകൊണ്ട് വിശുദ്ധിക്ക് സാക്ഷ്യം വഹിക്കുന്നവരാകണം. അതാണ് പാപ്പ വിവക്ഷിക്കുന്ന വിശുദ്ധിയുടെ വ്യാഖ്യാനം. ഏത് ജീവിത അവസ്ഥയിലും ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം എത്ര ചെറുതായാലും വലുതായാലും അത് അങ്ങേയറ്റം പ്രതിബദ്ധതയോടെ ചെയ്യാൻ കഴിയണം.

ഇങ്ങനെ ജീവിക്കുന്ന ഒത്തിരിപ്പേർ നമുക്ക് ചുറ്റിലും ഉണ്ട്. അവർക്ക് പാപ്പ നൽകുന്ന പേര് അടുത്ത വീട്ടിലെ വിശുദ്ധർ (Saints at the next door) എന്നാണ്. കാരണം അവർ അനുദിന ജീവിതത്തിലെ വേദനകളെയും ത്യാഗങ്ങളെയും ദൈവത്തിലുള്ള അടിയുറച്ച വിശ്വാസത്തെപ്രതി സന്തോഷത്തോടെ വഹിക്കുന്നവരാണ്. അത് തന്നെയാണ് അനുദിന ജീവിതശുദ്ധി കൊണ്ട് ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ ജോസഫ് കെന്റണിക്കച്ചൻ പഠിപ്പിക്കുന്നത്. അനുദിന ജീവിതത്തിലെ ചെറുതും വലുതുമായ സംഭവങ്ങളിലെല്ലാം ദൈവത്തിന്റെ ഇടപെടൽ കാണാൻ കഴിയുമ്പോൾ വിശുദ്ധിയുടെ അർത്ഥം മനസ്സിലാക്കുന്നു; ജീവിക്കുന്നു. അടുത്ത വീട്ടിലെ വിശുദ്ധരാകാൻ നാം പരിശ്രമിക്കുമ്പോൾ, നമ്മുടെ ജീവിത സാക്ഷ്യം വിശുദ്ധിയുടെ പുതിയ നിറങ്ങളുടേതായിരിക്കും; ആധുനിക ലോകത്തിന്റെ വിശുദ്ധരാകാൻ നമുക്ക് കഴിയും. ■

"അനുദിന വിശുദ്ധൻ, ആഴമായ സ്നേഹത്തെ പ്രതിയാണ്
എല്ലാം വളരെ കൃത്യമായി ചെയ്യുവാൻ പരിശ്രമിക്കുന്നത്."



# വാർത്താജാലകം

❖ **ഷേൺസ്റ്റാട്ട് മൈനർ സെമിനാരി അദ്ധ്യയന വർഷാരംഭം**

2018 ജൂൺ 14-ാം തിയ്യതി, തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചുകൊണ്ട് ആളൂർ ഷേൺസ്റ്റാട്ട് മൈനർ സെമിനാരിയുടെ പുതിയ അദ്ധ്യയനവർഷത്തിന് ആരംഭം കുറിച്ചു.

❖ **പ്രോവിഡൻസ് റീജിയന്റെ പുതിയ സാരഥികൾ**

ഷേൺസ്റ്റാട്ട് ഫാദേഴ്സിന്റെ പ്രൊവിഡൻസ് റീജിയന്റെ സുപ്പീരിയറായി റവ. ഫാ. ജോയി മഠത്തുംപിടി തെരഞ്ഞെടുക്കപ്പെട്ടു. കൗൺസിലർമാരായി ഫാ. വിൽസൻ പാറേക്കാട്ടിൽ, ഫാ. ബിജോയി കൊട്ടേക്കുടിയിൽ, ഫാ. പ്രവീൺ വാതേലിൽ, ഫാ. ജോൺസൺ പന്തപ്പിള്ളിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

❖ **വിദ്യാരംഭം**

ഷേൺസ്റ്റാട്ട് വൈദികരുടെ നേതൃത്വത്തിൽ നടത്തുന്ന കോളേജുകളായ ആളൂർ ഷേൺസ്റ്റാട്ട് അക്കാദമിയിലും കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിലും പുതിയ അദ്ധ്യയനവർഷം ആരംഭിച്ചു.

❖ **പൗരോഹിത്യ രജത ജൂബിലി**

ഇന്ത്യയിൽ നിന്നുള്ള പ്രഥമ ഷേൺസ്റ്റാട്ട് വൈദികനായ ഫാ. റോയി വെണ്ണൂക്കാരന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ചു. ആലുവ റീജനൽ ഹൗസ് ചാപ്പലിൽ നടത്തിയ കൃതജ്ഞത ദിവ്യബലിയിൽ പങ്കുകൊണ്ട് ബന്ധുമിത്രാദികളും സഹോദര വൈദികരും റോയി അച്ചന് ജൂബിലി ആശംസകൾ നേർന്നു.

❖ **സ്നേഹ ഉടമ്പടി**

ഷേൺസ്റ്റാട്ടിന്റെ രാജ്ഞിയായ പരിശുദ്ധ അമ്മയ്ക്ക് സ്വജീവിതം സമർപ്പിച്ചുകൊണ്ട്, ഇരിങ്ങാലക്കുട രൂപതയിലെ വീരൻച്ചിറ സെന്റ് ജോസഫ് ഇടവകയിൽ നിന്നുമുള്ള വിവധ ഗ്രൂപ്പുകൾ കുറ്റൂർ പ്രസാദവരനാഥയുടെ കപ്പേളയിൽ പരിശുദ്ധ അമ്മയുമായുള്ള സ്നേഹ ഉടമ്പടി നടത്തി.

❖ **Covenant with founder**

ഷേൺസ്റ്റാട്ട് അന്തർദേശീയ ആദ്ധ്യാത്മിക പ്രസ്ഥാനത്തിന്റെ സ്ഥാപകനും പിതാവുമായ ദൈവദാസൻ ജോസഫ് കെന്റണിക്കച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ 50-ാം വർഷാചരണത്തിൽ പ്രോവിഡൻസ് റീജിയനിലെ എല്ലാ വൈദികരും സ്ഥാപകനുമായുള്ള സ്നേഹ ഉടമ്പടി നടത്തി.

❖ **സാൾട്ട് ചിത്രരചനാ മത്സരം**

നിറക്കൂട്ട് 2018 എന്ന പേരിൽ സാൾട്ട് ലൈഫ് സ്കൂളിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കുവേണ്ടി കുറ്റൂർ സിയോൻ സെന്ററിൽ വെച്ച് ആഗസ്റ്റ് 15-ാം തിയ്യതി ചിത്രരചനാ മത്സരം നടത്തി. 80ൽ പരം വിദ്യാർത്ഥികൾ പങ്കെടുത്ത പ്രസ്തുത പരിപാടിക്ക് ഫാ. ജോൺസൺ പന്തപ്പിള്ളിൽ, ഫാ. ബിബിൻ പറമ്പി എന്നിവർ നേതൃത്വം നൽകി.









ആളൂർ ഷേൺസ്റ്റാട്ട് മൈനർ സെമിനാരിയുടെ പുതിയ അദ്ധ്യയനവർഷം
മാർ ടോണി നീലങ്കാവിൽ പിതാവിന്റെ (തൃശ്ശൂർ സഹായമെത്രാൻ) കാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ച് ആരംഭിച്ചപ്പോൾ





ബാംഗ്ലൂർ ഷേൺസ്റ്റാട്ട് യുവജനങ്ങൾ മാതാവുമായുള്ള സ്നേഹ ഉടമ്പടി നടത്തുന്നു





ജീവാലയിലെ കുരുന്നുകൾക്ക് ഫാ. ജോയി മടത്തുംപിടി (റീജനൽ സുപ്പീരിയർ, പ്രൊവിഡൻസ് റീജിയൻ)
വിദ്യാരംഭത്തിൽ അനുഗ്രഹാംശംസകൾ നേരുന്നു





ഷേൺസ്റ്റാട്ട് സഭ സ്ഥാപകനായ ദൈവദാസൻ ജോസഫ് കെന്റണിക്കച്ചന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥതയുടെ
50–ാം വർഷാചരണത്തിൽ സ്ഥാപകനുമായി സ്നേഹ ഉടമ്പടി നടത്തുന്നു




## To Contact

**Vocation Promoter**
Mary Matha Schoenstatt Bhavan
Anathadam, Aloor, Thrissur-680 683
Ph: 0480-2723164

**Vocation Promoter**
Sion Centre, Schoenstatt Fathers
Kuttur P.O., Thrissur, Kerala-680 013
Ph: 0487-2383306

**Vocation Promoter**
Schoenstatt Study House
P.B. No. 618, Aluva-683 102
Ph: 0484-2606450